മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.— സെക്ഷൻ സൂപ്രണ്ടുമാരുടെ ശമ്പളംകൂട്ടുന്ന കാര്യം ഇപ്പോൾ ഗവൺമെൻറ് ആലോചിച്ചുവരുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞസംഗതികളെല്ലാം ആ സമയത്തു കേമമായി ആലോചിയ്ക്കുന്നതാണ്.

മിസ്റ്റർ വി. കെ. കട്ടി.— ഗവൺമെൻറ് ഇതിനെപ്പറ്റി ആലോചിച്ചു ചെയ്യുവാൻ ഭാവമുള്ളതായി മറുപടി കിട്ടിയതുകൊണ്ട് ഞാൻ ഈ മോഷൻ പിൻവലിയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Motion was, with leave, withdrawn.

Motion No. 15.

Mr. K. Ayyappan.—*To reduce the allotment of Rs. 54,701 for establishment by Re. 1. (To urge on the Government the necessity of giving Alwaye water to Azhikkal).*

മിസ്റ്റർ കെ. അയ്യപ്പൻ.— ഈ കട്ടമോഷനിൽ പറയുന്ന സംഗതി ഇതിനുമുമ്പു പലതവണയും പല വഴികളിലായി ഗവൺമെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ളതാണു്. അതു് ഗവൺമെൻറിനും ഈ നിയമസഭയ്ക്കും നല്ലപോലെ അറിയാവുന്നതുമാണു്. അതുകൊണ്ടു് ഗവൺമെൻറിന്റെ മറുപടി കേട്ടശേഷം വല്ലതും പറയുവാനുണ്ടെങ്കിൽ പറയാമെന്നു വിചാരിക്കുന്നു.

Mr. George Parakkal.—Sir I wish to support this motion. Azhikkal is a part of the Elangunnapuzha village. The difficulty for water here is great and it is many years that the people over there are agitating for Alwaye water. The Government sympathetically tried certain palliatives by way of sanctioning the construction of 6 wells. These wells were constructed in 1107 but unfortunately the geological structure of that place is so peculiar that only salt water could be obtained from these wells. As such these measures could not redress their grievances. The condition is the same as it was before and especially as the Government is giving Alwaye water to distant places like Chellanam and other villages, I say that it is only in the fitness of things that they supply Alwaye water to this most needy part of the State which is only within 2 miles of Ernakulam.

Mr. T. S. Balarama Ayyar.—On a point of information, Sir, what is the distance of Azhikkal from the nearest point at which Alwaye water could be got?

Mr. V. K. Aravindakhsa Menon.—Five miles.

Mr. T. S. Balarama Ayyar.— Is the boring plant pertaining to the Government suitable for sinking of deep wells in the alluvial soil?

Mr. V. K. Aravindaksha Menon.—Yes.

Mr. T. S. Balarama Ayyar.—To a depth of 200 feet?

Mr. V. K. Aravindaksha Menon.—Yes.

Mr. T. S. Balarama Ayyar.—Have Government tried any place where these deep wells could be sunk to a depth of more than 100 feet?

LIBRARY ARCHIVES Kerala Legislative Assembly

Mr. V. K. Aravindaksha Menon.—I understand the Government of Madras have sunk in Cochin two wells about 200 feet in depth.

Mr. T. S. Balarama Ayyar.—What was the result ?

Mr. V. K. Aravindaksha Menon.—The water was not satisfactory.

Sir, the position as regards the supply of water to Azhikkal remains almost in the same place as it was when I explained to the Council last year. There is only one method of supplying water to Azhikkal and that is by barges taking water from the Ernakulam shore. We have now two or three barges supplying water to Mattancherri. The invested capital on this equipment is about a lakh of rupees. It is the intention of the Government to supply water to Mattancherry by means of a pipe line either submerged or overhead, in the near future. When that is done these barges and tugs will not be necessary for the purpose for which they are now being used. Then it is the intention of the Government to utilise the service of those vessels for supplying water to Azhikkal and other places. If you want it at once to Azhikkal we would certainly have to duplicate these things. So that we are only just waiting to see whether we should not take advantage of the construction of the Harbour Railroad project. In case that project is delayed considerably, we will take up the question of putting the pipe line by ourselves. These questions would be settled in the next few months and we shall be in a position to utilise these barges for supply of water to Azhikkal.

മിസ്റ്റർ കെ. അയ്യപ്പൻ.— വെള്ളം കൊടുക്കുവാനില്ലാതായാലുള്ള വിഷമം ഗവൺമെൻറിനുള്ള അസൌകര്യങ്ങൾപോലെയുള്ളതല്ല. ആയിരം ജനങ്ങളോളം അവിടെ വെള്ളം കുടിയ്ക്കുവാൻ കിട്ടാതെ ബുദ്ധിമുട്ടുന്നു; വഷ്ക്കാലത്തും വേനൽക്കാലത്തും ഒന്നുപോലെ ബുദ്ധിമുട്ടുന്നു ഭവിയ്ക്കുന്നു. ഈവക അസൌകര്യങ്ങൾ നീക്കേണ്ടതിൻെറ ആവശ്യം എങ്ങിനെയുള്ളതാണെന്ന് ആദ്യം ആലോചിയ്ക്കണം. എല്ലാ സംഗതികളിലും ഒരേ തോതുവച്ചുകൊണ്ടല്ല നോക്കേണ്ടതു്. വളരെക്കാലമായി ഈ സംഗതി ഇവിടെ പറഞ്ഞുകൊണ്ടിരിയ്ക്കുന്നു. ഇവർക്കു വെള്ളം കൊടുക്കാമെന്നു ഒരിക്കൽ സമ്മതിച്ചതിനുശേഷം വെള്ളം വേറെ സ്ഥലത്തുകാർക്കു കൊടുത്തു. ഇവർക്കു വെള്ളം കൊടുക്കാത്തതിന് അത്ഥം അതിനെക്കുറിച്ചു ശക്തിയായി പറയുവാൻ ഇവർക്ക് ആളുകളില്ലാ എന്നു മാത്രമായിരിക്കണം. ഒരു ബാർജ് ഇവർക്കുവേണ്ടി ഗവൺമെൻറു വാങ്ങിയാൽ മതി. അതു വില്ക്കുമ്പോൾ പകുതി വിലയെങ്കിലും കിട്ടാതെ വരികയില്ല. അതുകൊണ്ടു പകുതിവിലയുടെ നഷ്ടമേ ഗവൺമെൻറിനു വരി

LIBRARY ARCHIVES Kerala Legislative Assembly

കയുള്ളൂ. അവിടങ്ങളിലുള്ള വെള്ളം വേനല്ക്കാലത്തും വഷ്ക്കാലത്തും ഉപ്പുരസംകൊണ്ടു നിറഞ്ഞിരിയ്ക്കുന്നു. മെഡിയ്ക്കൽ മെമ്പറോട്ടു ചോദിച്ചാൽ അതു പരമാത്മാവാണെന്നു് അദ്ദേഹം പറയും. പബ്ളിക് വർക്സ് മെമ്പറും സമ്മതിയ്ക്കും. ഈ അയ്യായിരമോ, ആറായിരമോ ജനങ്ങളെ ഉപ്പുരസം കഷായം കുടിപ്പിക്കയാണു് ഇപ്പോൾ ചെയ്യുന്നതു്. ഗവൺമെൻറു പറഞ്ഞ പ്രയാസം ഞാനും സമ്മതിയ്ക്കുന്നു. എന്നാൽ അതിനേക്കാൾ വലിയ പ്രയാസമാണു് അഴീക്കൽക്കാർക്കുള്ളതു്. ഗവൺമെൻറു് അവരോടു നിർദ്ദയമായി പെരുമാറുന്നുവെന്നു ഞാൻ പറയുന്നില്ല. ഇക്കാര്യത്തിൽ ഗവൺമെൻറിനു കുറച്ചെല്ലാം പ്രയാസമുണ്ടെങ്കിലും ഇവരുടെ കാര്യത്തിനുവേണ്ടി എന്തു പ്രയാസമുണ്ടായാലും അതെല്ലാം സഹിയ്ക്കണം. ഇതിനേക്കാൾ നിസ്സാരമായ എത്രയോ കാര്യങ്ങൾക്കുവേണ്ടി ഗവൺമെൻറു പണം ചിലവു ചെയ്യുന്നു. മഹാരാജാവു തിരുമനസ്സിലെ അഞ്ചായിരം ജനങ്ങൾ ശുദ്ധജലം കിട്ടുവാൻ നിവൃത്തിയില്ലാതെ ഫർജികളയ്ക്കുന്നു; ഡെപ്യൂട്ടേഷൻ പോകുന്നു; പല മെമ്പർമാരും ഈ നിയമസഭയിൽ വാദിയ്ക്കുന്നു; എന്നിട്ടും ഗവൺമെൻറു പറയുന്ന പണം അനായാസമായി ചിലവാക്കുവാനിടയാകുമെന്നു്. ഹാർബറിൻെറ ഫോർത്ത് സ്റ്റേജ് നടപ്പാകുന്നതുവരെ, അതിനു പത്തു കൊല്ലം വേണ്ടിവന്നാലും അതുവരെ അഴീയ്ക്കൽക്കാർ വെള്ളം കുടിയ്ക്കാതെ കിടക്കണമെന്നാണോ ഗവൺമെൻറു പറയുന്നതു്? അഴീക്കൽ പോയി അവിടത്തെ സ്ഥിതി മനസ്സിലാക്കിയവർക്കു ദയവുണ്ടെങ്കിൽ അവർ പിന്നെ ഈവക സമാധാനങ്ങൾ ഈ കാര്യത്തിൽ പറയുകയില്ല. സാംക്രമിക രോഗങ്ങൾ അഴീക്കൽ ഉണ്ടായാൽ അതു് അവിടത്തെന്നെ നില്ക്കുമെന്നില്ല. അതു മറ്റു പ്രദേശങ്ങളിലേക്കും പരക്കാം. അതുകൊണ്ടു അഴീക്കൽ വെള്ളം കൊടുക്കേണ്ടതു് അവിടത്തെ മാത്രമല്ല രാജ്യത്തിൻെറ മറ്റുഭാഗങ്ങളിലേയും ആവശ്യമാണു്.

Mr. V. K. Aravindaksha Menon.— Sir, I believe the Hon'ble Member has misconstrued my statement. We need not wait for the realisation of the 4th stage of the Harbour. In case it did not come up within a reasonable time, the Government are going to take up the question of laying the pipe lines to Mattancherry at once, and the barges could be made use of for supply of water to Azhikkal.

Mr. K. Ayyappan.—In what length of time will you be able to give water to Azhikkal?

Mr. V. K. Aravindaksha Menon.—The Member might have learned that the Government have already sanctioned to put up pipe lines.

Mr. K. Ayyappan.—When will the Azhikkal people get water, that is all what I want to know.

LIBRARY ARCHIVES Kerala Legislative Assembly

Mr. V. K. Aravindaksha Menon.—The point is this. I can promise within 6 months or 8 months, but all the same I cannot make a definite promise unless backed by Government and unless the Scheme has been sanctioned definitely. Our intention is to supply Alwaye water as soon as it is possible. I cannot commit myself to a definite period.

Mr. P. Kumaran Ezhuthassan.—Cannot the Hon'ble Member place the matter before the Government urging the immediate necessity of it?

Mr. V. K. Aravindaksha Menon.—That I can do with all the force at my command.

Mr. K. Ayyappan.—In that case, I beg leave of the House to withdraw my motion.

Motion was, with leave, withdrawn.

Deputy President. — The House now stands adjourned till 2-15 p. m.

The House rose for lunch at 1 p. m. and re-assembled at 2-15 p. m. with the Deputy President in the Chair.

Motion No. 16.

Mr. K. M. Ibrahim.—*To reduce the allotment of Rs. 54,701 for Establishment, Public Works, by Re. 1.*

(During the discussion of cut motion No. 1 regarding the non-provision in the Budget of some urgent works in Cranganur on 20th Karkidagam 1109 the Hon'ble Member for Engineering said "the proposal of a road by the side of the backwaters is a new one. I shall look into the possibilities of the proposition". Page 552. The motion is to ascertain the subsequent action of the Government in the matter and to discuss it.)

Sir, before proceeding further with the discussion of this motion I shall be obliged if the Hon'ble Member will be pleased to give me some idea as to what he has done in furtherance of this assurance.

Deputy President.—I do not think that is possible. A similar ruling was given yesterday and I don't want to depart from that ruling. If you want any information with regard to that I have no objection.

Mr. K. M. Ibrahim.— My point, Sir, is that the Honb'le Member for Engineering gave a definite assurance that the

LIBRARY ARCHIVES Kerala Legislative Assembly

matter will receive his earliest attention. I now want only to know what he has done in that direction.

Deputy President.—That is the motion before the House.

Mr. K. M. Ibrahim.—The most regrettable feature I find in the present Budget of Cranganore is that not a single item of original work is included in the Budget irrespective of the fact that we have a standing saving of more than a lakh of rupees according to the Government figure itself. I can imagine, Sir, no reason for this obvious omission except perhaps the fact that the Cranganoreans have had the misfortune to take some share in the demonstration of the grievances, common to the whole of our State. I can almost anticipate, Sir, the reason that might come from the other side—that being the usual reason, sounded on the floor of this House every time—that we continue to have a deficit budget. But there has been many an occasion before, Sir, when we have shown that the deficit budget pointed out by the Government is not really a deficit budget and that there are obligations and considerations that will make our Budget a surplus one. A Finance Member can make and unmake figures. Our contention, Sir, was that we were not credited with numerous items of receipt to which we are legitimately entitled to.

Deputy President.—May I ask the Hon'ble Member whether this motion has anything to do with the Cranganore Budget?

Mr. K. M. Ibrahim.—The Hon'ble President was, even the other day, allowing discussion on the moratorium in a cut motion which had nothing at all to do with the moratorium! Here I am referring to the usual argument put forward by the Government side against Cranganore Public Works. It is a very vital issue, intimately connected to the motion.

Deputy President.—I think I shall have to disallow the motion if it has anything to do with the Cranganore Budget.

Mr. K. M. Ibrahim.—The Mother-country's unjust attitude to a Dependent Principality is the topic and hence its admissibility. An excuse that is sometimes brought forward by the Hon'ble Member for Engineering for the scant courtesy shown to demands of public works in Cranganore is that we have invariably got a defict budget.

Deputy President.—Order. Order, If the Hon'ble Member's motion relates only to Cranganore, as I already said, I

LIBRARY ARCHIVES Kerala Legislative Assembly

cannot allow the motion to go on. If it is with respect to other parts of Cochin I have no objection. I have already said so.

Mr. K. M. Ibrahim.—This motion is already admitted.

Deputy President.—All the motions are put down there and strict objections are taken only when the motion is moved in the House.

Mr. K. M. Ibrahim.—So I need not go on with this motion. Is that the ruling ?

Deputy President.—If the motion relates to other parts than Cranganore you can go on. I have no objection.

Mr. K. M. Ibrahim.—I am going on with the motion that is here in the paper and I have already stated how it applies to the rest of the State.

Now, Sir, this is the particular road about which I am speaking. In that connection I have also to bring to the notice of the House that this time not a single item of original work has been included in the Budget of Cranganore.

Deputy President.—I again rule that the question of public works not being provided for in the Cranganore Budget cannot be taken here.

Mr. K. M. Ibrahim.—I am trying to stress the importance of this road inasmuch as there is no other road provided in the Budget.

Deputy President—The Hon'ble Member may go on with the discussion with regard to the backwater road.

Mr. K. M. Ibrahim.— The usual reason, Sir, that is being brought forward by the Hon'ble Members on the other side is that Cranganore is provided with a road for every one mile of the land and as such she does not deserve any new road. In this connection, when this Demand was moved last time, I had occasion to point out that the already existing roads there are practically useless. There is one road which is the most important road in Cranganore which they call Arakulam-Azhikode road. It is only two miles long and within this two miles' length we have got 60 curves!

Deputy President.— Your time is up. So far as I have understood the Hon'ble Member's cut relates only to an item in the Cranganore Budget and I have already ruled that that motion cannot go on if it relates to the Cranganore Budget. If the backwater road referred to there extends further than the

LIBRARY ARCHIVES Kerala Legislative Assembly

Principality of Cranganore I have no objection for the motion to go on. The Hon'ble Mover himself may say whether this motion has anything to do with other parts except with regard to Cranganore.

Mr. K. M. Ibrahim.— This road is in Cranganore, but dearth of roads in Cranganore has a State Inflection.

Deputy President.—Then I rule that this motion is not in order.

Mr. K. M. Ibrahim.—Then I walk out as a protest against the President's ruling.

Motion No. 17.

Mr. E. P. Bhaskara Menon.—*To reduce the allotment of Rs. 1,27,485, "for Public Works, Civil Engineering—Establishment by Re. 1. (To point out the lethargy of the officers in the Department).*

സർ, ഈ സംഗതിയെപറ്റി കുറച്ചൊന്ന് ഈ കൌൺസിലിനെ ധരിപ്പിയ്ക്കുന്നതിലേയ്ക്കു വാൻ നിവൃത്തിയില്ല. എന്നെപ്പോലെതന്നെ എല്ലാവർക്കും അവരവരുടെ നിയോജകമണ്ഡലങ്ങളെക്കുറിച്ചു പറയുവാനുള്ളതുകൊണ്ട് അധികസമയം ഞാൻ ഇതിനെക്കുറിച്ചു പറയുന്നില്ലെന്നു നേരത്തെ പറഞ്ഞുകൊള്ളാം.

ഒന്നാമതായിട്ട് നമ്മുടെ പബ്ളിക്ക വർക്സ് ഡിപ്പാർട്ടമെൻറിന്റെ അലസത—അതിലെ ഉദ്യോഗസ്ഥന്മാരുടെ എന്നു പ്രത്യേകിച്ചു പറയുന്നതു കഷ്ടമായതുകൊണ്ട് ഡിപ്പാർട്ടമെൻറിന്റെ അലസതയെന്നു പറഞ്ഞേയ്ക്കാം.— യുടെ ഫലമായി നാം ഇപ്പോൾ കണ്ടുവരുന്ന ചില സംഗതികളെ മൂണ്ടിക്കാണിയ്ക്കുവാനാണ് എന്റെ ഭാവം. നാം സാധാരണമായി റോഡരികിൽ ആനയെ എഴുന്നള്ളിച്ച മാതിരിയുള്ള കല്ലുകൂട്ടം കാണാറുണ്ട്. കഷ്ടിച്ചു രണ്ടു വണ്ടികൾമാത്രം പോകുവാൻ സൗകര്യമുള്ള റോഡിൽ നിറച്ചു കല്ല് അങ്ങിനെ കൂട്ടിവയ്ക്കുക. അതു പിന്നെ ചെങ്കമെഷർ കഴിഞ്ഞിട്ടവേണം ഉപയോഗിയ്ക്കുവാൻ. അതുവരെ അങ്ങിനെ കിടക്കുക. പ്രത്യേകിച്ചും വഷ്ക്കാലത്ത് ആളുകൾക്ക് അതുകൊണ്ടുചില ഉപയോഗമെല്ലാമുണ്ട്. കാറോ വണ്ടിയോ മറ്റോ പോയാൽ ചെളിയും മേൽതെറിയ്ക്കാതെ മുകളിൽ കയറിനില്ക്കാം. അതൊരുമെച്ചമുണ്ട്- കർക്കടകമാസമാകുമ്പോൾ രണ്ടുദിവസംകൊണ്ട് അതെല്ലാം തട്ടിനിരത്തി റോഡിൽ ഇടുന്നു. ഇതു നാം എറണാകുളത്തു നിന്നു കിഴക്കോട്ടു പുറപ്പെട്ടാൽ സാധാരണ കണ്ടുവരുന്ന ഒരു കാഴ്ചയാണ്. ഈ കല്ലു കീയുന്നതുംവേഗം നിരത്തിച്ചു ബുദ്ധിമുട്ടു കുറക്കാത്തതിനു കാരണം ഈഡിപ്പാർട്ടമെൻറാണ്.

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളത്തു് ബോട്ടുകൾ വന്നാൽ അടുക്കുവാനായിട്ടു് ഒരു കുളമുണ്ടു്. ആ കുളത്തിൽ ഏകദേശം അഞ്ചാറടി നീളത്തിൽ ഒരു പാലമുണ്ടു്. ഇറക്കസമയമാകുമ്പോൾ സാധാരണ ആ പാലത്തിന്നടിയിൽ വെള്ളം ഉണ്ടാകാറില്ല. എന്റെ അറിവു ശരിയാണെങ്കിൽ പത്തൻപതു ബോട്ടുകൾ ഈ എറണാകുളത്തുനിന്നും പല സ്ഥലങ്ങളിലേയ്ക്കും പോകുന്നുണ്ടു്. അതിൽ ചെറിയ ബോട്ടുകളെല്ലാം ആ കുളത്തിലാണു വന്നു നില്ക്കുന്നതു്. ആ പാലത്തിൽ അടുക്കുന്ന ബോട്ടുകളുടെ അണിയം മാത്രമേ പാലത്തിൽ തൊടുവാൻ നിവൃത്തിയുള്ളൂ. പാലവും ബോട്ടും ഇലക്ട്രിക് കണക്ഷൻപോലെയാണോ നില്ക്കുന്നതെന്നു കണ്ടാൽ തോന്നും. ആളുകൾ ആ പാലത്തിൽ ക്രൂടി കയറി പോകുന്നതു് എങ്ങിനെയാണു് എന്നു കാണുവാൻ ഉദ്യോഗസ്ഥന്മാർക്കു കണ്ണില്ലാതായിട്ടുണ്ടെങ്കിൽ അതു വളരെ കഷ്ടംതന്നെയാണു്. മഴയത്തു് കുടയും പിടിച്ചിട്ടായിരിയ്ക്കും യാത്രക്കാർ ആ പാലത്തിന്മേൽനിന്നു ബോട്ടിൽ കയറേണ്ടി വരുന്നതു്. ഇറക്കസമയത്തു് ഈ പാലത്തിന്റെ മുവട്ടിൽ വെള്ളമുണ്ടാകയില്ല. ഏറത്തു് വന്ന ബോട്ടു് ഇറക്കത്തു് കരയിലായിരിക്കും. എന്നുവേണ്ടാ അവിടത്തെ ബുദ്ധിമുട്ടു പറകവയ്യ.

പിന്നെ പുഴയിൽ ബോട്ടുകളടുക്കുവാൻ ഒരു ജട്ടിയുണ്ടു്. അവിടെ രണ്ടു ബോട്ടുകൾ ഒരേസമയത്തു് അടുക്കുവാൻ സ്ഥലമില്ല. ആലപ്പുഴ മുതലായ സ്ഥലങ്ങളിലേയ്ക്കു പോകുന്ന വലിയ ബോട്ടുകളും അവിടെ അടുക്കുന്നുണ്ടു്. ആ ബോട്ടുകളിലുള്ളവർ വളരെ പ്രമാണികളാണു്. ആദ്യം അവരുടെ ബോട്ടു് ജട്ടിയിൽ കൊണ്ടുവന്നു് അടുപ്പിയ്ക്കും. ബോട്ടിലേക്കു് കയറേണ്ട വാതിലോ മറ്റോ പാലത്തിന്നു നേരെയാക്കിയല്ല അവർ ബോട്ടുകെട്ടുക. ആ ബോട്ടിനോടു ചേർന്നുവേണം മറ്റു ബോട്ടുകൾ അടുക്കുവാൻ. എന്തെല്ലാം വിദ്യകളും സക്കസ്സും കഴിച്ചുവേണം ഈ ബോട്ടിൽക്കൂടി മറ്റു ബോട്ടുകളിലേക്കു കയറുവാനും അവയിൽനിന്നു ഇറങ്ങുവാനും എന്നു കണ്ടുതന്നെ അറിയേണ്ടതാണു്.

ബോട്ടുകൾക്കു് പ്രത്യേകം പ്രത്യേകം സമയംവച്ചിട്ടുണ്ടു്. സാധാരണമായി ബോട്ടുകൾ ഓടിയ്ക്കുന്നതിനു് പെട്രോളും മണ്ണെണ്ണയും പോയി ഇപ്പോൾ ക്രൂഡ് ഓയിൽ ആയിട്ടുണ്ടു്. അഞ്ചും ആറും ഏഴും മണിക്കൂർവീതം യാത്രക്കാർക്കു് ബോട്ടിൽ ഇരിയ്ക്കേണ്ടിവരുന്നുണ്ടു്. അങ്ങിനെയുള്ള ബോട്ടുകളിൽ മനുഷ്യർക്കു നിവർന്നുനില്ലാൻ, എന്നൊപ്പോലെയുള്ളവർക്കു തീച്ചൂയായിട്ടും സാധിയ്ക്കുകയില്ല.

ആ ബോട്ടു് ഇവിടെനിന്നു വിട്ടാൽ കൊച്ചിയിൽ പോയി കുറെ നേരം കഴിഞ്ഞേ വിടുകയുള്ളൂ. അവിടന്നു ചെറായിയിൽ ചെന്നാൽ അവിടെ സമയംവച്ചിട്ടുണ്ടു്. ആ സമയത്തിന്നു എത്ര മുമ്പേ ചെന്നാലും ആ സമയത്തേ ബോട്ടു വിടുകയുള്ളൂ. ഇപ്പോൾ അധികം ബോട്ടുകളും ശരിയായി ഓടിക്കാറില്ല. ഒഴുക്കുകയാണു് പതിവു്. അങ്ങിനെയിരിക്കെ ഏതെങ്കിലും ഒരു ബോട്ടു ശരിയായി ഓടിച്ചു നേരത്തെ ചെറാ

LIBRARY ARCHIVES Kerala Legislative Assembly

യിയിൽ എത്തിയാലും മറുള്ള ബോട്ടുകൾവന്ന വിട്ടതിന്നുശേഷമേ വിടുകയുള്ളൂ. അപ്പോൾ, ഈ ബോട്ട് ഓടിയതിന്റെ ഫലവും ശരിയായി. ഈ ബുദ്ധിമുട്ടുകളെല്ലാം ഉണ്ടാക്കേണ്ടതിന്റെ ആവശ്യം മനസ്സിലാകുന്നില്ല.

നമ്മുടെ ഈ പടിഞ്ഞാറൻ കായലിൽ ഇറക്കുസമയത്തു ചെറിയ ബോട്ടുകൾക്കുടി ഉരുട്ടുന്നതു് നാം കാണുന്നുണ്ടല്ലൊ. എത്ര പ്രാവശ്യമാണു കടത്തുബോട്ടിൽ ഓരോരുത്തന്നും ബുദ്ധിമുട്ടിയിട്ടുള്ളതു്! നമ്മുടെ "കേരള" വെറുതെ കിടക്കുകയല്ലേ. കുറച്ചു മണ്ണു മാന്തിക്കളഞ്ഞാൽ എത്ര ആശ്വാസകരമായിരിക്കും!! അതുകൊണ്ടു തീച്ചയായും എറണാകുളം കടലിലേക്കു് ഇടിച്ചുപോകയില്ല.

ഇനി വൈപ്പീൻ റോഡിനെ സംബന്ധിച്ചു് ഒരു കൊല്ലത്തിൽ ഡിപ്രഷൻ വന്നതുകൊണ്ടാണു് ആ റോഡുണ്ടാക്കിയതു് എന്നാണു് ചീഫ് ഇഞ്ചിനീയർ പറഞ്ഞതു്. എന്നാൽ ഡിപ്രഷൻ കൊണ്ടല്ല ആവശ്യംകൊണ്ടുതന്നെ ഒരു റോഡ് അർഹിക്കുന്ന ഒരു സ്ഥലമാണു് ആ രാജ്യം എന്നു പറയാതെ തരമില്ല. ആ റോഡിന്റെ കഥ പറയുകയാണെങ്കിൽ പണ്ടൊരു ശ്ലോകത്തിൽ പറഞ്ഞതുപോലെ നടക്കു് സൂചിപോലെ കുത്തുമുള്ള കല്ലുകൾ, രണ്ടുഭാഗത്തും വേലികളിൽനിന്നു് കൊഴിഞ്ഞ മുള്ളുകൾ ഇങ്ങിനെയാണു്. ഉദ്യോഗസ്ഥന്മാർ എപ്പോഴെങ്കിലും ആ വഴി പോകുകയാണെങ്കിൽ ചെരിപ്പും ഇട്ടാണു് നടക്കുന്നതു്. നമ്മുടെ ദിവാൻജിയേയോ എഞ്ചിനീയറേയോ ഒരു ദിവസം കാലത്തു് ചെരിപ്പിടാതെ ആ വഴിയെ നടത്തണമെന്നു് എനിക്കു് ആഗ്രഹമുണ്ടു്. പരമാർത്ഥത്തിൽ അതു് ശരിയായ ഒരു റോഡല്ല. ആ റോഡിന്റെ സ്ഥിതി നോക്കിയാൽ അതു് ഒരു നരകശിക്ഷയാണോ എന്നു തോന്നിപ്പോകും. ആ റോഡിൽ അവിടവിടെയായി കുറെ പാലങ്ങളും ആവശ്യമുണ്ടു്. കാറും വണ്ടിയും പോകുന്നതിന്നും ഗതാഗതത്തിന്നും വളരെ തടസ്സമായിട്ടാണിരിക്കുന്നതു്.

എന്റെ നിയോജകമണ്ഡലം രണ്ടു കഷണങ്ങളാണു്. ചേന്നമംഗലത്തു് ഒരു പാലത്തിന്റെപണി ഫ്ഫ്ഫ്ഫ-ൽ കഴിച്ചുകൊള്ളാം എന്നു പറയുന്നുണ്ടു്. അവിടെ മരാമത്തുവകുപ്പിൽനിന്നും യാതൊന്നും ചെയ്യുകൊടുക്കാറില്ലെന്നുമാത്രമല്ല, അവർ ആ രാജ്യംതന്നെ കണ്ടിട്ടുണ്ടോ എന്നു സംശയമാണു്. സ്വന്തആവശ്യങ്ങൾക്കുകൂടി പോയിട്ടുണ്ടോ എന്നും സംശയമുണ്ടു്. ഫ്ഫ൦൭-ൽ കരിത്തലത്തോട്ടിൽ ഒരു പാലം വേണമെന്നു ജനങ്ങൾ ആവലാതിപറഞ്ഞു. അതിനെപ്പറ്റി അന്നത്തെ ദിവാൻജി അവർകൾ ആർഡർ അയച്ചിട്ടുണ്ടായിരുന്നു. എന്നാൽ ആ ആർഡർ എന്തൊക്കെയാണെന്നു് ഇപ്പോൾ ഓർക്കുന്നില്ല, നോക്കിവേണം പറയുവാൻ എന്നാണു് ചീഫ് എഞ്ചിനീയർ പറയുന്നതു്. അതുപോലെതന്നെ ചേന്നമംഗലത്തേക്കു കടക്കുവാനുള്ള ഒരു പാലം . . . .

LIBRARY ARCHIVES Kerala Legislative Assembly

Deputy President.— Time, time.

Mr. George Parakkal.—I support the motion. In supporting this motion I only place before the Government the intolerable lethargy in not taking up the Vaippin Pallipuram road with such earnestness as the people would have it that the Government should bestow on that. It is nearly 5 years since the work has been started on this road and not even 5 miles of that road has been completed as the Mover of this motion, the Hon'ble Member for Pallipuram remarked. Formerly the way that is now utilised for the road was a walkable road. Now, nobody can use that because of the heaps of stones.

Then also the Department has shown great lethargy in not making provision for two important canals in my constituency. They are called the Appangat Canal and the Iyyattuparamba Canal at Narakkal. The Iyyattuparamba canal is an absolute necessity for the productivity of the land and also for navigation. I hope these matters will be kindly considered by the Government and speedy action taken.

Mr. V. K. Aravindaksha Menon.—Sir, the Hon'ble Member for Pallippuram in his speech gave us reasons to show the lethargy of the officers. What are the reasons? (1) The collection of metal by the side of the road. The House will agree with me that periodical maintenance of roads is essential and we are doing it systematically. In all the main roads in the State we are renewing every mile once in three years and to get the roads renewed it is necessary that the metal required should be stocked. Where else could it be? If it is in the quarries it is liable that it may be misused or stolen away by other contractors. If the metal is stocked in private parambas our rules say that we should not pay for any material collected outside Government property. If we acquire lands and collect metals there the cost of renewal will be considerable. So that the only method that we can adopt in the matter of collecting metal is to stock it by the side of the road. Of course, I admit that our roads are not wide and that is the main reason why this difficulty is experienced. I have already explained to the Council that we are trying to widen the roads as far as possible, by the savings we get every year from road maintenance.

Another point which he raised is about the inconvenience to land boats at the jetty especially the ferry boats and the shallow nature of the backwaters near the Ernakulam Ferry Jetty. These

LIBRARY ARCHIVES Kerala Legislative Assembly

questions have beenengaging our attention for many years and there are only two real solutions to this problem. One of them is to change the site of the jetty altogether from the present place and shift it further south. The backwaters, along the foreshores, you will find, are very shallow for about 1½ furlongs from the shore and no amount of dredging will be of any avail. The portions will be silted up in a month or two months' time.

There is also another method, that is to construct a jetty about a furlong long going to the deep waters. Both these schemes are very costly and, after all, the inconvenience complained of is only during low tides and considering the cost and utility we thought we might defer the work to some other time when we have more funds.

Another point which he raised was about the inconvenience caused on account of the timing. I would request the Hon'ble Member to come and give me some constructive criticism about the boat timings and he will find it an impossible task. We have got to see to hundreds of interests and thousands of boat-owners and all of them one fighting against the other. The only course possible is to call a conference of these boat owners and settle the various timings in as equitable a manner as possible. Any ruling in one manner is sure to bring in a lot of difference of opinion and hardship to the boat owners. I claim that our timings are as good as any other timings which could be passed by any other method.

There is another point which he raised, that was about the Vyppin Pallippuram Road. The Vyppin Pallippuram Road will be about 13 miles long and we have constructed 5½ miles of the road. 7 bridges have to be constructed out of which four will be constructed within a short time. The cost of the road is very immense. For seven miles the cost will be not less than one lakh and fifty thousand rupees. So the high cost of constructing this road stands in the way of its speedy completion. We have taken this matter to the Government of India and they have promised to consider the question of a grant from their funds towards the construction of this road. We will try our best to see if State funds could not be got to complete this road as early as possible

Then the Member for Narakkal referred to the construction of two canals in Narakkal, the Appangat Canal and the Iyyattuparamba canal. There also I do not think I can take the blame of letharg. For the construction of the Appangat

LIBRARY ARCHIVES Kerala Legislative Assembly

Canal, at the present moment the Hon'ble Member for Revenue is taking action for acquisition. As soon as the acquisition is over, which I hope will be completed by the end of this year, this canal would be constructed. The Iyyattuparamba Canal has been postponed and after the construction of the Appangat canal we shall be taking up the Iyyattuparamba canal.

Mr. K. Ayyappan.—May I know whether the grant from the Government of India is going to be utilised for this road alone?

Mr. V. K. Aravindaksha Menon.—In asking for a grant we have forwarded the claims of three road works. One was the Vyppin Pallipuram and the other was a connection between Edacochi and Arur and another was the construction of an embankment and a bridge from Pulloot to Cranganore. These are the three works for which we have prayed for grant and the grant which we receive will be apportioned among these three works.

Mr. E. P. Bhaskara Menon.—I am afraid the Hon'ble Member for Engineering has misunderstood me. I don't accuse him for placing the metal on the road side. I accuse him and his followers for the lethargy shown in check measuring them in proper time and keeping them there for a good length of time. Of course, some delay is inevitable. It cannot but be there for a few days. I hope he will pay good attention to its speedy removal. That I think is a definite charge of lethargy on the part of the officers.

As for the next item, i. e., about the deepening of the backwaters etc., I have only to say that it is always the practice of Hon'ble Members on the Government side to find out ingenious methods of avoiding suggestions and eager to say whatever they want to do is of utmost importance and whatever other people want to do is insignificant. It is but natural. All the same, I am sure that the Hon'ble Member will take into consideration the matter and dispose it in a reasonable manner as early as possbile.

As for the road in Vyppin and other things he says he has applied for a grant. Of course, if only he will expedite matters as far as he can afford I will be very thankful. Now I beg leave of the House to withdraw the motion.

Motion was, with leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Motion No. 18.

Mr. K. M. Kunhi Moideen.—*To reduce the allotment of Rs. 1,27,485 for establishment by Re. 1. (The inadequate water supply to paddy crops in Madayikonam and adjacent villages.)*

സർ, മാടായിക്കോണം മുതലായ മുകുന്ദപുരം താലൂക്കിലെ ചില വില്ലേജുകൾക്ക് ആവശ്യത്തിനു മതിയായ വെള്ളം കിട്ടുന്നില്ലെന്നുള്ള സംഗതിയെ പരാമർശിച്ചുകൊണ്ട് പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെൻറിലേയ്ക്കനുവദിച്ചിട്ടുള്ള ഫ,ഗ,ർവ്വ ഉറുപ്പികയിൽനിന്നും ഒരു ഒറുപ്പിക കുറയ്ക്കണം എന്നൊരു ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു. ഈ സംഗതി ഗവൺമെണ്ടിന്റെ മുമ്പിൽ ഹർജികൾവഴിയായും, സന്ദർശനങ്ങൾവഴിയായും ഇതിന്റെ പ്രാമുഖ്യതയും പ്രാധാന്യതയും എത്രത്തോളമുണ്ടെന്നു മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. ക്രടാതെ ചില മാന്യമെമ്പർമാർ ഇതിനുമുമ്പ് ഈ സംഗതിയെസംബന്ധിച്ചു പ്രസ്ഥാവിച്ചിട്ടുള്ള സ്റ്റേറുമെൻറിൽതന്നെ വളരെ വ്യക്തമായി പറഞ്ഞിട്ടുമുണ്ട്. കർഷകന്മാരുടെ ക്ഷേമത്തിനും സൗഭാഗ്യത്തിനുംവേണ്ടി എന്തെല്ലാം ഒരു ഗവൺമെണ്ടിനു ചെയ്യുവാൻ സാധിയ്ക്കുമോ അതെല്ലാം എത്രയും അടിയന്തിരമായിട്ടും, കാലതാമസംക്രടാതെയും ചെയ്യുകയെന്നുള്ളതാണ് പരിഷ്കൃതമായ ഏതു ഗവൺമെണ്ടുകളുടേയും ഉദ്ദേശം. കച്ചവടക്കാരുടേയും ജന്മികളുടേയും മറ്റു പലവിധ വ്യവസായങ്ങളിലേപ്പെട്ടിരിയ്ക്കുന്നവരുടേയും എല്ലാവിധ സൌഭാഗ്യങ്ങൾക്കും, ഐശ്വര്യങ്ങൾക്കും അടിസ്ഥാനമായിട്ടുള്ളതു കാർഷികമായ പ്രവൃത്തികളിലേപ്പെട്ടിട്ടുള്ള കൃഷിക്കാർ ആയതുകൊണ്ടാണ് ഈ വിഷയത്തിന് ഇത്ര പ്രാധാന്യം കിട്ടീട്ടുള്ളതു്. അങ്ങിനെയുള്ള കൃഷിക്കാരുടെ രോദനങ്ങൾ, പ്രത്യേകിച്ചും മാടായിക്കോണത്തെ കർഷകന്മാരുടെ രോദനങ്ങൾ നേരിട്ടറിയുവാൻ ഇടവന്നിട്ടുള്ള എനിയ്ക്ക് വാസ്തവത്തിൽ അവരുടെ സ്ഥിതികൾ ഓർക്കുമ്പോൾ എന്റെ ഹൃദയം പിളർന്നുപോകുന്നു. അവിടെ വെള്ളമില്ലാത്ത കാരണത്താൽ അവരുടെ വയലുകളെല്ലാം വരണ്ടും, ഹൃദയം വെന്തും, മനസ്സിൽനിന്നു പൊട്ടിപ്പുറപ്പെട്ടുകൊണ്ടിരിയ്ക്കുന്ന ആ രോദനങ്ങൾ കേൾക്കുവാനുള്ള ഹൃദയം ഗവൺമെണ്ടിനില്ലേ എന്നാണു ഞാൻ ചോദിയ്ക്കുന്നതു്. അതിലേയ്ക്ക് സ്കീമുകൾ ആലോചിയ്ക്കുന്നു, നടപ്പിലാക്കാമെന്നെല്ലാമുള്ള വാഗ്ദാനങ്ങൾ ചെയ്തുകൊണ്ട് സംഗതികൾ മുന്നോട്ടുപോകയല്ലാ. എത്രകണ്ട് അടിയന്തിരമായി ഈവക സംഗതികൾ പ്രവൃത്തിയ്ക്കുവാൻ സാധിയ്ക്കുമോ അത്രകണ്ട് ധൃതിയിൽ സംഗതികൾ നടത്തണമെന്നാപേക്ഷിയ്ക്കുവാനാണ് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കീട്ടുള്ളതു്. ഇന്ന് ഹൈദരാബാദ്, മദ്രാസ് മുതലായ ഗവൺമെണ്ടുകൾ ഈ മാതിരി ഇറിഗേഷൻ വർക്കിനുവേണ്ടി ലക്ഷക്കണക്കിനുള്ള സംഖ്യകൾ ചിലവുചെയ്തു വമ്പിച്ച തോതിൽ നടത്തിവരുന്നുണ്ട്. എന്നാൽ അങ്ങിനെയുള്ള ഒരു പദ്ധതി നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചിഗവമ്മെണ്ടിന് ഇതുവരെ സൃഷ്ടിയ്ക്കുവാൻ സാധിച്ചിട്ടില്ല. ഇത് ഗവമ്മെണ്ട് കഷ്കന്മാരോട് തീരെ അശ്രദ്ധയോടുകൂടി പെരുമാറിവരുന്നുവെന്നുള്ളതിന് ഒരു ഒന്നാംതരം തെളിവാണ്. ബഹുമാനപ്പെട്ട എഞ്ചിനീയർ മെമ്പർ പറഞ്ഞു, കഷ്കന്മാർ അവക്ക് കിട്ടുന്ന ആദായത്തിന്റെ ഒരു ഭാഗം ഗവമ്മെണ്ടിലേയ്ക്കു കൊടുക്കാമെന്നുള്ള വാഗ്ദാനത്തിന്മേൽ അവക്ക് വെള്ളം വിതരണം ചെയ്യുന്നകാര്യത്തിൽ കൂടുതൽ പണം ചിലവുചെയ്യാമെന്ന്. യഥാർത്ഥത്തിൽ അവക്ക് കൃഷിപ്പിഴകൊണ്ടു വളരെ നഷ്ടം നേരിടുന്നുണ്ട്. ഗവമ്മെണ്ടിൽനിന്നും അനുമതിത്താം അവക്ക് നികുതിക്രുടി വിട്ടുകൊടുക്കേണ്ടിവരുന്നു. ആ വിധത്തിൽ ഗവമ്മെണ്ടിനു ഒരു വലിയ നഷ്ടം സംഭവിയ്ക്കുന്നു. ഇറിഗേഷൻ വർക്സ് ചെയ്തുകൊടുക്കാതിരുന്നാൽ ഗവമ്മെണ്ടിനു നഷ്ടമുണ്ടാകുമെന്നുള്ള സംഗതിയ്ക്കു പലപ്പോഴും അവരുടെ കാര്യത്തിൽ ഗവമ്മെണ്ടു വിട്ടുവീഴ്ചചെയ്യുന്നുണ്ട്. തിരുവിതാംകൂർ ഗവമ്മെണ്ടുമായി ആലോചിച്ചു ചാലക്കുടി പുഴയിൽനിന്നു വെള്ളംകൊണ്ടുവരുവാനുള്ള പദ്ധതി നടപ്പിൽവരുന്നതുവരെയെങ്കിലും ഏതെങ്കിലും പ്രകാരത്തിൽ ജലസേചനത്തിനുള്ള മാർഗ്ഗങ്ങൾ ചീഫ് എഞ്ചിനീയർ കണ്ടുപിടിച്ചു നടപ്പാക്കണമെന്നുള്ള അഭിപ്രായത്തെ ഇവിടെ ധരിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഈ വിഷയത്തെക്കുറിച്ചു് നിയമസഭയുടെ കഴിഞ്ഞ മീനമാസം യോഗത്തിൽ ഞാൻ ഒരു അടിയന്തിരപ്രമേയം അവതരിപ്പിച്ചു. ഇതു വളരെ അടിയന്തിരമായി ഞാൻ വിചാരിയ്ക്കുവാനുള്ള കാരണവും അന്നു പല ബഹുമാനപ്പെട്ട സാമാജികന്മാരേയും അറിയിക്കുകയുണ്ടായി. കഴിഞ്ഞ വേനല്ക്കാലത്തു് ചില അത്യാവശ്യങ്ങൾപ്രമാണിച്ചു് മാടായിക്കോണത്തു പോകുവാൻ എനിയ്ക്കു സാധിച്ചു. കനകം വിളയേണ്ട അവിടത്തെ വയലുകൾ ഉണങ്ങി ദ്രവിച്ചു്, കുമാരനാശാൻ പറഞ്ഞിട്ടുള്ളതുപോലെ "ശൂന്യതയ്ക്കു കളിപ്പാനൊരുക്കിയിട്ട കളംകണക്കെ" കണ്ട ആ നിമിഷം ഞാൻ തീർച്ചയാക്കി, ഒരു അടിയന്തിരപ്രമേയം ഇവിടെ അടിയ്ക്കണം എന്ന്. (ചിരി) അങ്ങിനെ ഈ വിഷയത്തെക്കുറിച്ചു് സംസാരിയ്ക്കാമെന്നു വിചാരിച്ചു് അടിയന്തിരപ്രമേയം കൊണ്ടുവന്നപ്പോൾ സാധാരണയുണ്ടാകാറുള്ളതുപോലെ സാങ്കേതികങ്ങളും സൌകര്യപരങ്ങളുമായ നിയമങ്ങളാൽ അതു നിരോധിയ്ക്കപ്പെടുകയാണുണ്ടായതു്. അതിനുശേഷം സ്റ്റാൻറിംഗ്ഫിനാൻസു കമ്മിറ്റിക്രുടിയിരുന്നപ്പോഴും ഈ വിഷയത്തെക്കുറിച്ചു് വാഗ്പ്രതിവാദം ചെയ്തിട്ടുണ്ട്. ആ കമ്മറ്റിയിലെ ഔദ്യോഗികഭാവം ഇവിടത്തെപ്പോലെ അത്ര നിശിതമായിരുന്നില്ല. ആ കമ്മറ്റിയിൽനിന്നും ഒരാൾ പുറത്തുപോയാൽ കമ്മിറ്റി കൂടാറമില്ലാതെ അലസും. എന്തിനധികം പറയുന്നു, ഇതിനെപ്പറ്റി അടിയന്തിരമായി ചിന്തിയ്ക്കാമെന്ന് ബഹുമാനപ്പെട്ട എഞ്ചിനീയർ

LIBRARY ARCHIVES Kerala Legislative Assembly

മെമ്പർക്ക് ഫിനാൻസ് കമ്മിറ്റിയിൽവെച്ചു സമ്മതിയ്ക്കേണ്ടിവന്നു. (ചിരി) "ചാലക്കുടിപുഴയിൽനിന്നും വെള്ളം തിരിച്ചുവിടുവാനുള്ള ഈ പുതിയമാസ്റ്റർ തിരുവിതാംകൂർ ഗവൺമെണ്ടുമായി ആലോചിച്ചു തീരുമാനങ്ങൾ വരുത്തുന്നതിന് വളരെ കാലതാമസം വരും; എന്നാലും സ്റ്റാൻറിംഗ്ഫിനാൻസു കമ്മിറ്റിയിൽ ഈ വിഷയം വന്നിട്ടുള്ള സ്ഥിതിയ്ക്കു ഞാൻതന്നെ തിരുവിതാംകൂറിലേയ്ക്കു നേരിട്ടുപോയി അവിടത്തെ ഗവൺമെണ്ടുമായി ആലോചിച്ചു് ഉടനെ പ്രസ്തുത വിഷയത്തിൽ വേണ്ടതുചെയ്യാം" എന്നു് അപ്രാധാന്യമായ രീതിയിൽ അവിടെവെച്ചു് അദ്ദേഹം പറഞ്ഞതായിട്ടാണു് എൻറെ ഓർമ്മ. എതായാലും ഈ വിഷയം വളരെ പ്രാധാന്യമുള്ള ഒന്നാണു്. കർഷകന്മാരുടെ ഋണബാദ്ധ്യതാനിവാരണത്തിന്നു് എത്രകണ്ടു പ്രാധാന്യം ഗവൺമെണ്ടു കൊടുത്തിട്ടുണ്ടോ അത്രകണ്ടു പ്രാധാന്യം ഇതിനുമുണ്ടു്. കർഷകന്മാരുടെ സ്വത്തേയുള്ള വിഷമങ്ങളെ കുറച്ചുകൂടി വിഷമകരമാക്കത്തക്കനിലയിൽ വിളവുകൾ ഓരോകൊല്ലം നശിച്ചുപോകുന്നതിനെ കണ്ടുകൊണ്ടാണു് ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ ഈ മോഷൻ അവതരിപ്പിച്ചിട്ടുള്ളതെന്നു മനസ്സിലാക്കി ഇക്കാര്യത്തിൽ കുറച്ചുകൂടി അടിയന്തിരമായി ഗവൺമെണ്ടു ശ്രദ്ധിയ്ക്കണമെന്നും, ഇതിലേയ്ക്കുവേണ്ടി എല്ലാ അനുദ്യോഗസ്ഥന്മാരും അവരുടെ ശക്തിയായ ആനുകൂല്യം പ്രകടിപ്പിയ്ക്കണമെന്നും ആഗ്രഹിച്ചുകൊണ്ടു് ഞാൻ വിരമിയ്ക്കുന്നു.

മിസ്റ്റർ ടി. കെ. നായർ.— ജലവിതരണകാര്യത്തെപ്പറ്റി ഇതിൻറെ അവതാരകൻ ഈ ഉപക്ഷേപത്തിൽ പറഞ്ഞിരിയ്ക്കുന്ന സംഗതിയെസംബന്ധിച്ചു രണ്ടുവാക്കു പറയാതെ തരമില്ല. ബഹുമാനപ്പെട്ട എഞ്ചിനീയർ മെമ്പർ ഇന്നുകാലത്തു് അടുത്തുതന്നെ ഒരു ഇറിഗേഷൻ സ്കീം കൊച്ചീരാജ്യത്തുനടപ്പാക്കുവാൻപോകുന്നുണ്ടെന്നും, അതിലേയ്ക്കു വേണ്ടി വസ്തുഉടമസ്ഥന്മാരുടെ കൂച്ചീട്ടുവാങ്ങേണ്ടതിന്നും മറ്റുമായി റവന്യൂഡിപ്പാർട്ടുമെൻറിനോടാവശ്യപ്പെട്ടിട്ടുണ്ടെന്നും ഇവിടെ ധരിപ്പിയ്ക്കുകയുണ്ടായി. വാട്ടർട്രിബ്യൂണലിൻറെ കാര്യത്തിലാണു് ഇറിഗേഷൻബിൽ നടപ്പിൽവരുത്തുവാൻ പോകുന്നതെന്നു തോന്നുന്നു. ഞാൻ പറയുന്നതു ശരിയാണോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷ മേനോൻ.— അതെ.

മിസ്റ്റർ ടി. കെ. നായർ.— അപ്പോൾ ഞാൻ ധരിച്ചതു ശരിതന്നെയാണു്. ഇങ്ങിനെ കൂച്ചീട്ടു വാങ്ങുവാനായിട്ടു് ചീഫ് എഞ്ചിനീയർ റവന്യൂ ഡിപ്പാർട്ടുമെൻറിനോടാവശ്യപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞു. എന്നാൽ ഈ വിഷയത്തിൽ ഞാൻ മനസ്സിലാക്കീട്ടുള്ളിടത്തോളം എനിയ്ക്കു കുറച്ചൊരു അഭിപ്രായവ്യത്യാസമുണ്ടു്. ഈ വക സംഗതികൾ അത്യാവശ്യമാണെന്നു ഗവൺമെൻറിനു തോന്നിക്കഴിഞ്ഞുവെന്നുണ്ടെങ്കിൽ വസ്തു ഉടമസ്ഥന്മാരുടെ സമ്മതത്തോടുകൂടി ഈ ഒരു ഇറിഗേഷൻ നട

LIBRARY ARCHIVES Kerala Legislative Assembly

പ്പിൽ വരുത്തുവാനായിട്ട് ഗവർമ്മെൻറിനു സാധിയ്ക്കുമെന്നു തോന്നുന്നില്ല. ഇങ്ങിനെയൊരു സംഗതി ഗവർമ്മെൻറു സമ്മതിച്ചുകഴിഞ്ഞു; അതു നടപ്പിൽ വരുത്തുവാനായിട്ട കച്ചീട്ട് എഴുതി വാങ്ങിയ്ക്കുവാൻ റവന്യൂ ഡിപ്പാർട്ടുമെൻറിനോടാവശ്യപ്പെടുകയും, അവർ ആർഡർ കൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നുവരികിലും ഇനി അനുദ്യോഗസ്ഥ സാമാജികന്മാർ വല്ലതും ചോദിയ്ക്കുമ്പോൾ മറുപടി പറയുവാൻ പോകുന്നതു് വസ്തു ഉടമസ്ഥന്മാരാരും സമ്മതിയ്ക്കുന്നില്ല എന്നായിരിയ്ക്കും. അല്ലെങ്കിൽ നൂറുപേരുള്ളതിൽ ൻൻ പേരും സമ്മതിച്ചുകഴിഞ്ഞു, ഒരാൾമാത്രം സമ്മതിയ്ക്കുന്നില്ല എന്നായിരിയ്ക്കും. ഇതിൻെറ നിവാരണത്തിന്നായി ഒരു ഇറിഗേഷൻ ബിൽ ഈ സഭയിൽ ഫൻസ ഉ ജനുവരി വ-ാം തീയതി പാസായിട്ടുണ്ട്. അതിൽ മേജർ ഇറിഗേഷനെപ്പറ്റിയുള്ള ചില പ്രധാന കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അങ്ങിനെയുള്ള ഒരു ബിൽ ഇവിടെ പാസാക്കിവച്ചുകൊണ്ട് ഭിവാൻപേഷ്കാരവർകളെക്കൊണ്ടു വസ്തു ഉടമസ്ഥന്മാരോടു കച്ചീട്ട വാങ്ങുവാൻ പറഞ്ഞിട്ടുള്ളതിനു് അർത്ഥം കാണുന്നില്ല. നിർബ്ബന്ധമായിട്ടും ജലവിതരണം ആവശ്യമാണെന്നു തോന്നിയാൽ അതു നടപ്പിൽ വരുത്തുവാനുള്ള അധികാരം ഈ ബില്ലുമൂലം ഗവർമ്മെൻറിനു കിട്ടീട്ടുണ്ട്. എന്നാൽ അതു് ഇനിയും നടപ്പിൽ വരുത്താതിരിയ്ക്കുന്നതിൻെറ കാരണമെന്താണെന്നറിയുന്നില്ല. ഇറിഗേഷനുവേണ്ടി അനവധി പണം ഗവർമ്മെൻറിൽനിന്നും ചിലവാക്കുന്നുണ്ട്. എന്നാൽ ചാലക്കുടിയിലെ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിനെ പുലർത്തുവാൻവേണ്ടിയും, അതിലെ ഉദ്യോഗസ്ഥന്മാക്കു ശമ്പളംകൊടുത്തു വച്ചുകൊണ്ടിരിയ്ക്കുവാൻവേണ്ടിയും വെറുതെ പണം ചിലവാക്കീട്ട കാര്യമില്ല. അതുകൊണ്ട് ഇറിഗേഷൻ സ്കീം നടപ്പിൽ വരുത്തി ജലവിതരണം ആവശ്യമുള്ള സ്ഥലങ്ങൾ നോക്കി ആ വക സ്ഥലങ്ങളിൽ അടിയന്തിരമായി ചെയ്യണം. കൊച്ചീരാജ്യം കർഷകന്മാരുടെ രാജ്യമാണ്. അങ്ങിനെയിരിയ്ക്കേ ഇതുവരെ കർഷകന്മാക്കു വേണ്ടി ഇൻറസ്ട്രിയലായിട്ടുള്ള യാതൊന്നും കൊച്ചീ ഗവർമ്മെൻറു പ്രവൃത്തിച്ചുകഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഗവർമ്മെൻറിൽനിന്നും ഈ സംഗതിയ്ക്ക് എന്തെങ്കിലും പ്രവൃത്തിയ്ക്കുകയോ അല്ലെങ്കിൽ അവക്കു പ്രവൃത്തിച്ചു കാണിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്. ഇതിൽ ഏതെങ്കിലും ഒരു പോളിസി ഗവർമ്മെൻറു് എടുക്കേണ്ടതാണ്.

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യർ. — സർ, ബഹുമാനപ്പെട്ട കാട്ടർ മെമ്പർ പറഞ്ഞതായ സംഗതികൾ എനിക്കു രണ്ടുമൂന്നുകൊല്ലം അനുഭവമുണ്ട്. മാടായിക്കോണം മുതലായ സ്ഥലങ്ങളിൽ വെള്ളം കിട്ടാതെ കൃഷിക്കാക്കു വലുതായ ബുദ്ധിമുട്ടും കഷ്ടതയും ഉണ്ടെന്നുള്ളതു ശരിയാണെന്നാണു ഞാൻ പറയുന്നതു്. ഇതിനും പുറമെ ഇരിങ്ങാലക്കുട ഒരു വലിയ ജനക്കൂട്ടമുള്ള സ്ഥലമാണ്. കുടിക്കുന്നതിനും കുളിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിന്നംതന്നെ വെള്ളത്തിന്റെ വലുതായ ബുദ്ധിമുട്ടണ്ട്. ആയതിനാൽ ഗവൺമെൻറ് ആവക സ്ഥലങ്ങളിലേക്ക് കൂടുതൽ ശ്രദ്ധപതിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

Mr. P. Kumaran Ezhuthassan.—While we are now discussing the question of water supply I wish to speak a few words on one of the most important system of irrigation investigated by the Engineering Department.

Deputy President.—Order, Order. The motion before the House is the inadequacy of water supply to Madaikonam and adjacent villages.

Mr. P. Kumaran Ezhuthassan.—I wholeheartedly support the question raised for the supply of water to Madaikonam and adjacent villages.

Mr. V. K. Aravindaksha Menon.—Sir, I have not now to say much more than what I have stated on the subject this morning. The irrigation of Madaikonam and the kole lands in Trichur all come under the same scheme which is the Chalakudi River Diversion Scheme and for that purpose we have been in correspondence with the Travancore Government and I sincerely hope that the scheme would be put in operation within the next four years. But I shall try my best as I have promised the Hon'ble Member for Cranganore to get into touch with the Travancore authorities and see if the scheme cannot be pushed through earlier.

As regards the other methods of preventing drought in Madaikonam I may say that I am not very hopeful. But we have been trying our very best this year of unprecedented drought to instal engines to pump water and by that means it was possible to reduce damage to crops to a large extent. But still I must confess that the damage to Madaikonam Punja lands was very severe. As I have already said, we have on hand the principle to solve this problem. I am justified in saying that we are taking all necessary actions.

Mr. K. Ayyappan.—What about the point raised by the Hon'ble Member for Pazhayannur ?

Mr. V. K. Aravindaksha Menon.—The question of this Irrigation Bill requires legislation. There is an order of Government that they should take written statements from the ryots. That was passed before the 14th of March 1935. It was somewhere in November 1934. After this legislation has come the situation will be altered.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ.— ഇപ്പോഴുള്ള താല്ക്കാലിക രക്ഷകൾതന്നെ ക്രൂടതൽ പ്രയോജനപ്പെടത്തക്കവിധത്തിൽ ചെയ്യുവാൻ ഗവമ്മെൻറിനു സാധിക്കുമോ?.

Mr. V. K. Aravindaksha Menon.—There are certain methods by which we regulate water supply to Madaikonam and we shall try our best in keeping up to the rules as closely as possible without any laxity in the enforcement of this rule. I don't think it will be wise to go any further than that.

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ.— സർ, ഈ പ്രശ്നങ്ങളുടെ ആവശ്യകതയെ ഈ ഹൗസിൻെറ മുമ്പാകെ കൊണ്ടുവരണമെന്നുള്ള എൻെറ ഉദ്ദേശം സാധിച്ചതുകൊണ്ട് ഗവമ്മെൻറിൽനിന്നും ഈ സംഗതിയിൽ ക്രൂടതലായ ഉന്മേഷത്തോടുകൂടി പെരുമാറുമെന്നുള്ള വിശ്വാസംകൊണ്ടും ഏതാണ്ട് ഈ സംഗതി ഗവമ്മെൻറിൻെറ ശ്രദ്ധയെ ആകഷ്ിച്ചിട്ടുണ്ടെന്നു എനിക്കു ബോദ്ധ്യമുള്ളതുകൊണ്ടും ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിയ്ക്കുവാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

Motion was, with leave, withdrawn.

Motion No. 19.

Mr. K. M. Kunhi Moideen.— *To reduce the allotment of Rs. 1,27,485 for establishment by Re. 1. (Non-provision of funds for constructing roads urgently needed in Porathissery, Karalam, Vallivattam and Madayikonam).*

സർ, എൻെറ നിയോജകമണ്ഡലത്തിൽ അത്യാവശ്യമായിട്ടുള്ള പല പണികൾക്കും സംഖ്യകൾ ഈ ബഡ്ജറിൽ കൊള്ളിക്കാത്തതിനെ സംബന്ധിച്ചുള്ള ഒരു ഉപക്ഷേപം ഞാൻ ഈ സഭയുടെ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു. മാടായിക്കോണത്തുനിന്നും കിഴക്കോട്ടുപോകുന്ന ഒരു പഞ്ചായത്തു റോഡുണ്ട്. ആ റോഡ് ഒരു ചെറിയ കായലിൽചെന്ന് അവസാനിക്കുന്നു. ആ കായലിൻെറ അക്കരെ അറത്തായി പറപ്പുക്കരയിൽ ഒരു വില്ലേജു റോഡുണ്ട്. പഞ്ചായത്തിൻ കീഴിലുള്ള ഈ രണ്ടു റോഡുകളും കായലിൻെറ അപ്പുറത്തും ഇപ്പുറത്തുമായി വന്നുനില്ക്കുന്നു. അതിനു നടുവിലായി ചില തുരുത്തുകളുണ്ട്. അവിടങ്ങളിലുള്ള ജനങ്ങൾക്കു ഗതാഗതം ചെയ്യുവാനും ഇരിങ്ങാലക്കുടച്ചന്തയിലേയ്ക്കു സാമാനങ്ങൾ കൊണ്ടുപോയി ക്രയവിക്രയം ചെയ്യുവാനും മഴക്കാലത്തു തീരെ സാധിയ്ക്കാത്തനിലയിലാണ് ഈ റോഡുകൾ കിടക്കുന്നതു്. അതുകൊണ്ട് ഈ രണ്ടു റോഡുകളും തമ്മിൽ സംയോജിപ്പിയ്ക്കുന്നതിനായി ഒരു റോഡുകൂടി ഉണ്ടാക്കുന്നപക്ഷം ഇപ്പോൾ ജനങ്ങൾ അനുഭവിച്ചുവരുന്ന പലവിധ കഷ്ടപ്പാടുകൾക്കും ഒരു നി

LIBRARY ARCHIVES Kerala Legislative Assembly

വാരണമുണ്ടാകുന്നതാണ്. ഇതിനെ സംബന്ധിച്ച് മിസ്റ്റർ ഭോർ ഇവിടെ ദിവാൻജിയായിരുന്ന കാലത്ത് പല ഭീമഹർജികളും ഗവമ്മെൻറിലേയ്ക്കയയ്ക്കുകയും, അദ്ദേഹം ഈ വിഷയത്തിൽ ചില നിർദ്ദേശങ്ങൾ ചെയ്യുകയും, എസ്റ്റിമേറു തയ്യാറാക്കുകയും ചെയ്തിട്ടുള്ളതായി എനിയ്ക്കറിയാം. അതിനുശേഷവും പലതവണയും ഇതു ഗവമ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. പക്ഷെ ഗവമ്മെൻറ് ഇതിന്റെ ആവശ്യം മനസ്സിലാക്കീട്ടുണ്ടെന്നുള്ള നിലയിൽ ബഡ്ജറിൽ യാതൊരു സംഖ്യയും ഒാരുള്ളിച്ചുകാണുന്നില്ല.

ഇതുപോലെതന്നെ മൂക്കൊട്ടനിന്നും കാരളത്തേയ്ക്കു പോകുന്ന ഒരു റോഡുണ്ട്. മഴവെള്ളക്കാലത്ത് കാരളത്തുനിന്നും മൂക്കൊട്ടസ്കൂളിലേയ്ക്കു പോകുവാൻ സ്കൂൾകുട്ടികൾക്കു വളരെ ബുദ്ധിമുട്ടനേരിടുന്നുണ്ട്. ഈ സംഗതിയും ഗവമ്മെൻറ് പ്രത്യേകം ശ്രദ്ധവയ്ക്കണം.

Sir, it has been my singular misfortune to be the first to speak on matters relating to my constituency before this Council ever since the inauguration of the Legislative Council. I would not have moved this motion at all, in as much as I was lucky enough to word my previous motion very broad. And, in fact though with the little time allowed to me, I have represented almost all the grievances of my constituency. Therefore, I thought it would only be desirable that this broad-worded motion should be brought here so as to give an opportunity to all the remaining Members of this House. Therefore, I move to reduce the allotment of Rs. 1,87,396 for communications—maintenance by Re. 1, to bring to the notice of the Government the present undesirable condition of the existing road and the necessity of bettering it in the proper direction.

മിസ്റ്റർ ടി. സി. ഇയ്യുക്കുട്ടി.— സർ, ഞാൻ ഈ ഉപക്ഷേപത്തെ ഹാർട്ടമായി പിന്താങ്ങുന്നു. കൊച്ചീരാജ്യത്തു് പൊതുവേയുള്ള റോഡുകളുടെ ഭാഗ്യത്തെ സംബന്ധിച്ചു സംസാരിക്കുവാനുള്ള ഈ ഉപക്ഷേപത്തിൽ പ്രത്യേകമായി എന്റെ നിയോജകമണ്ഡലത്തിലുള്ള ഒരു വഴിയെ സംബന്ധിച്ചു് സംസാരിക്കുവാൻ സൌകര്യം കിട്ടിയതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. കടവല്ലൂർ—പഴഞ്ഞി റോഡിനെ സംബന്ധിച്ചു് ഞാൻ അയച്ചിട്ടുള്ള ഉപക്ഷേപം ഈ സഭയുടെ മുമ്പാകെ കൊണ്ടുവരണമെന്നു് ഞാൻ ആശിച്ചുകൊണ്ടിരിക്കുമ്പോഴാണു് ഇങ്ങിനെ ഒരവസരം എനിക്കു കിട്ടിയതു്. ഈ അവസരം ഞാൻ അതിലേക്കായി ഉപയോഗിക്കുന്നു. കടവല്ലൂർ—പഴഞ്ഞി റോഡിനെ സംബന്ധിച്ചുള്ള ചില സംഗതികൾ ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

കടവല്ലൂർ അമ്പലത്തിൽനിന്നു പുറപ്പെട്ട് പഴഞ്ഞിയിലേക്കു വരുന്ന ഈ വഴിയില്ലാത്തതുകൊണ്ട് വളരെ അധികം ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവരുന്നുണ്ടെന്നു ഞാൻ ഈ കൌൺസിൽമുമ്പാകെ അറിയിച്ചുകൊള്ളുന്നു. ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ ഈ വഴിയെസംബന്ധിച്ച് പലപ്രാവശ്യവും ഈ കൌൺസിലിനെ ധരിപ്പിച്ചിട്ടുണ്ട് എന്ന് കഴിഞ്ഞ കൌൺസിൽ പ്രൊസീഡിംഗ്സ് മൂലം ഗവൺമെണ്ടിനെ ധരിപ്പിക്കാം.

(Road from Kadavallur Temple to Pazhanji Road.)

635. **Mr. K. T. Mathew.**—Will the Government be pleased to inform

a) whether the Government have sanctioned opening a road from Kadavallur Temple to Pazhanji road; and if so, when;

b) whether the Road Board have approved of providing for the work in the 1108 budget (vide the Minutes of the Road Board meeting No. 2 - Item No. VIII);

c) whether this road has been opened; and if not will it be opened before the end of the current year; and if not,

d) what action has been or will be taken by the Public Works Department to complete this work in 1102?

Mr V. K. Aravindaksha Menon.— a) The work was ordered to be included in 1108 budget but due to lack of funds this was not done;

b) Yes.

c) No.

d) This will be provided for in the 1109 budget if funds permit.

ഫർസന മാർച്ച് 22-ാം നു- ആണ് ഈ സംഗതിയെക്കുറിച്ചു ചോദിച്ചിട്ടുള്ളത്. ഈ റോഡിനെ സംബന്ധിച്ചുള്ള സംഗതിക്ക് ഒരു ഉദാഹരണം പറഞ്ഞുവെന്നേയുള്ളൂ. ഇതിലേക്കു ഫ്ഫ്ഫ-ും ഫ്ഫ്ഫ്ഫ-ും സംഖ്യ ബഡ്ജറിൽ ചേർക്കാമെന്നു പറഞ്ഞിട്ടു ചേർത്തുകാണുന്നില്ല. അതുകൊണ്ട് ഇനിയെങ്കിലും ഈ സംഗതി ഗവൺമെണ്ടു് ആലോചിച്ചു ചെയ്താൽകൊള്ളാമെന്ന് ഒരപേക്ഷയുണ്ട്.

Mr. P. Kumaran Ezhuthassan.—Mr. President, my Hon'ble friend who moved the cut congratulated himself on the way in which his motion is worded and the opportunity thereby given to Members from various corners of the country to make observations on the undesirable conditions of the roads in their respective places and suggestions for improving them. I think Hon'ble Members will be failing in their duty, if they

LIBRARY ARCHIVES Kerala Legislative Assembly

do not make mention of the fact that the condition of all our roads is certainly on the road for improvement from year to year. I should not be taken to mean that all our roads are pucca ones but any one who takes pains to travel in different parts of the country where roads exist, will be forced to find that there is a marked improvement regarding the condition of our roads. I do not again mean to say that all that has to be achieved has been achieved. After making these observations I take this opportunity to draw the pointed attention of the Hon'ble Member for Engineering to the rather unhappy condition of the small bit of a road in my constituency and in the very heart of the town of Wadakkancheri. I am sure the Hon'ble Member for Engineering might have guessed to which road I am referring. I find from the budget that a small provision has been made for metalling that road. I only request him that his pointed attention may be drawn to small things like that in any part of the country and thereby avoid references to any such undesirable or unhappy needs regarding the roads.

Mr. K. S. Manickam.—Sir, while endorsing the views of the Hon'ble Member for Wadakkancheri, I also wish to bring to the notice of the Hon'ble Member for Engineering the fact that certain roads are very narrow. I refer to the Kakkathuruthi main road. I am sure his attention would have been drawn to it by means of petitions and representations. This road is a very important one in so far as it is a main feeder road to the Irinjalakuda Market from countries lying on the coastal tracts. Considering the importance of the road, I request the Hon'ble Member for engineering to direct his attention to the widening of that road as early as possible. For the purpose of widening I am also given to understand that some owners of the adjacent fields through which the road runs have also agreed to give some soil free of cost to the Public Works Department and that some have actually given. I do not think the Government will have to spend much on this. With these words, I support the motion.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഒരു ഒന്നര വാക്കേ എനിയ്ക്കു പറയുവാനുള്ളൂ. (ചിരി) ഈ വിഷയം ബഹുമാനപ്പെട്ട എഞ്ചിനീയറിംഗ് മെമ്പറുടെ നേരിട്ടുള്ള കൈകാര്യകർതൃത്വത്തിൽപെട്ട സംഗതി ആയിരിയ്ക്കയില്ല; ആദായത്തിൽ കണ്ണുവെച്ചിട്ടുള്ള, ഭരണാകാരത്തെ പുറകിപ്പുറകുന്ന ഇത്തിക്കണ്ണികളായ, പുവട്ടിലെ ചില വിരുതന്മാരുടെ നോട്ടക്കുടുതൽകൊണ്ടുണ്ടാകുന്ന ഒരു വിഷമമായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം റോഡു മെയിന്റനൻസിനെപ്പറ്റി ഒരു കാര്യം എനിയ്ക്കു ബഹുമാനപ്പെട്ട മെമ്പർമാരെ ധരിപ്പിക്കേണ്ടതുണ്ട്. പറയാത്ത കുറവുണ്ടെങ്കിൽ, അതെങ്കിലും പരിഹരിക്കപ്പെടട്ടെ! എന്റെ നിയോജകമണ്ഡലം മുഴുവൻ മണൽപ്രദേശമാണ്. അവിടെ റോഡുണ്ടാക്കുവാൻതന്നെ വളരെ കഷ്ടപ്പാടുണ്ട്. ശക്തിയായി കല്ലുകൊണ്ടും മറും ഉറപ്പിച്ചാലേ റോഡു് അവിടെ നിലനിൽക്കുകയുള്ളൂ. അവിടെ ഇപ്പോൾ മെയിന്റനൻസിനെന്നും പറഞ്ഞു നല്ലൊരുസംഖ്യ ചിലർ വാങ്ങുന്നുണ്ടു്. എന്നിട്ടു് റോഡിന്റെ അപ്പുറത്തും ഇപ്പുറത്തുമുള്ള മണ്ണു വെട്ടി റോഡിലിട്ടു് ആളുകൾക്കു ഗതാഗതത്തിനു ചണ്ടുള്ള സൌകര്യംകൂടി ഇല്ലാതാക്കി തീർക്കുന്നതാണു കഷ്ടാൽ കഷ്ടതരം! ഇങ്ങിനെയുള്ള മെയിന്റനൻസു കഴിഞ്ഞ റോഡു്, ഞാൻ നോക്കിയതിൽ, പയറുകുത്താൻ പറ്റിയ സ്ഥലം! ഒന്നാംനമ്പരായ വിഡ്ഢിക്കിട്ടം!!. (ചിരി) മെയിന്റനൻസുകൊണ്ടു കൂടുതൽ ഉപകാരവും സഞ്ചാരദുഃഖത്തിനു കുറവും കിട്ടണമെന്നുണ്ടെങ്കിൽ സർക്കാർ പണത്തിനു ശരിയായ പ്രതിഫലം വരുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുകതന്നെ വേണം. അറിയേണ്ടവർ അറിയുകയും ചെയ്യേണ്ടവർ ചെയ്യുകയും ആയാൽ ഉപകാരം.

Mr. V. K. Aravindaksha Menon.—Sir, some Members talked about the unsatisfactory condition of certain roads. One of those roads is the Erakkad Road referred to by the Hon'ble Member for Wadakkanheri. This is a new road which consists of an embankment. It has been our practice not to put any granite surface over embankments newly constructed because, the embankment will certainly sink in the natural course of events and only after it has received a permanent site, it would be wise to put granite on the road. That was the reason for the delay in putting granite surface on that road. As the Hon'ble Member has noticed, we have made provision for that next year. About the maintenance of roads in Cranganore, I do not know whether the observations of the Hon'ble Member for Cranganore are justified. There is not much of vehicular traffic in Cranganore. The Hon'ble Member referred to the fact that the maintenance here consists only in putting some earth over the road. My men would have put earth. The only reason that I can think of for putting earth is to make the surface smooth for pedestrians. I have not seen one bullock cart in Cranganore using these roads.

Mr. K. M. Ibrahim.—There are a few cars.

Mr. V. K. Aravindaksha Menon.—Yes, some old cars which I have sold. Ekkathuruthi road is one of the three

LIBRARY ARCHIVES Kerala Legislative Assembly

roads which is narrow. The next is the Mala road and the third is the Palapilli road. During the course of the maintenance of the Kakkathuruthi Road, we have been trying to widen the roads by degrees. But I really appreciate what the Hon'ble Member for Irinjalakuda said. Therefore I can make a more spirited programme for the widening of that road.

Mr. E. P. Bhaskara Menon.—I beg leave of the House to withdraw the motion.

Motion was, with leave, withdrawn.

Motion No. 28.

Mr. K. S. Panikkar.—*To reduce the allotment of Rs. 3,53,793 for communications by Re. 1. (The location of the proposed Karanchira Bridge.)*

ഞാൻ ഈ ഉപക്ഷേപം മാജരാക്കീട്ടുള്ളതു പ്രസ്സുചെയ്യുവാനോ മറോ അല്ല. എനിക്കു ഗവമ്മെൻറിനെ സംഗതി മനസ്സിലാക്കണമെന്നുള്ള ഒറ ഉദ്ദേശം മാത്രമേയുള്ളൂ. കാട്ടൂർ വില്ലേജിൽനിന്നു തൃശ്ശൂർക്കുള്ള ഗതാഗതസൌകര്യത്തിനുവേണ്ടി ഒരുപാലം കെട്ടിത്തരണമെന്നു് അപേക്ഷിച്ചുതുടങ്ങീട്ടു വളരെക്കാലമായി. ഫ്രാൻ-ൽ അതു കെട്ടിത്തരുവാനായിട്ടു് അനുവദിയ്ക്കുകയും പതിനായിരം ഉറുപ്പിക ബഡ്ജറിൽ കൊള്ളിയ്ക്കുകയും ചെയ്തു. കാട്ടൂർനിന്നും തൃശ്ശൂർക്കുള്ള ഗതാഗതത്തിനുവേണ്ടി പാലം ആവിശ്യപ്പെട്ടിട്ടു് അതു് ഒടുവിൽ കാരാഞ്ചിറനിന്നും കഴപ്പിള്ളിക്കരയ്ക്കുള്ള വഴിയിൽ ആയി. കാരാഞ്ചിറയിലുള്ള വക്കു കഴപ്പിള്ളിക്കരയിൽക്കൂടി പെരിങ്ങോട്ടുകര ചെന്നു് അവിടെനിന്നും തൃശ്ശൂർക്കു പോകുവാനുള്ള സൌകര്യം കിട്ടി. പ്രധാനമായിട്ടു കാട്ടൂർ വില്ലേജിൽ കാട്ടൂർ കടവിലാണു് പാലത്തിന്റെ ആവശ്യം. കൂമ്പിലാവു്, ഇഞ്ചമുടി, കരുപ്പാടം മുതലായ സ്ഥലങ്ങളിൽനിന്നും കാട്ടൂർ ലോവർ സെക്കൻറി സ്കൂളിലേയ്ക്കു് ഉദ്ദേശം നൂറു, നൂററിയൻപതു വിദ്യാർത്ഥികളോളം പോകുന്നുണ്ടു്. അവർ കാട്ടൂർ കടവിൽ ചെന്നു് വഞ്ചിയിൽ കയറിയാണു കടന്നുപോകുന്നതു്.

ഈ പ്രദേശക്കാക്കുള്ള ആശുപത്രി സ്ഥിതിചെയ്യുന്നതും കാട്ടൂരിലാണു്. അവിടേയ്ക്കു് ഈ സ്ഥലങ്ങളിൽനിന്നും ഉദ്ദേശം അൻപതിനും എഴുപതിനും മദ്ധ്യേയുള്ള രോഗികൾ ദിനംപ്രതി പോകുന്നുണ്ടു്. ഇതുപോലെതന്നെ ഈ നാട്ടുകാരുടെ രജിസ്ട്രി ആഫീസ്സു്, ചന്ത ഇതെല്ലാം കാട്ടൂരിലാണു്. ബ്രിട്ടീഷിലുള്ള എടത്തിരുത്തി, കയ്പമംഗലം ചെന്ത്രാപ്പൊതി, പാലപ്പെട്ടി, എടമുട്ടം, മുതലായ സ്ഥലങ്ങളിൽനിന്നും ചിറക്കൽ, ഇഞ്ചമുടി, ചേപ്പു്, ഒല്ലൂർ, തൃശ്ശൂർ മുതലായ സ്ഥലങ്ങളിലേക്കു്

LIBRARY ARCHIVES Kerala Legislative Assembly

കയർപായ, പച്ചമത്സ്യം, ഉണക്കമത്സ്യം മുതലായ സാധനങ്ങൾ കൊണ്ടുപോകുന്നതും കാട്ടർ കടവുവഴിക്കാണ്. ആളുകൾക്കു ഗതാഗത സൗകര്യത്തിനു കാട്ടർ കടവിൽ പാലമില്ലാത്തതുകൊണ്ടു ബുദ്ധിമുട്ടുകൾ വളരെയുണ്ട്. മേല്പറഞ്ഞ സ്ഥാപനങ്ങൾ എല്ലാം കാട്ടരിലായതുകൊണ്ട് കാട്ടർകടവ് വളരെ പ്രാധാന്യമുള്ള ഒന്നാണ്. അവിടെ ഒരു പാലം കെട്ടുന്നതായാൽ ജനങ്ങൾക്കു വളരെ ഉപകാരപ്രദമായിരിക്കുമെന്നു മാത്രമല്ല ഇവിടെ പാലം കെട്ടുന്നതു കാരാഞ്ചിറനിന്നും കുഴപ്പിള്ളിക്കരക്കു കെട്ടുന്നതിനേക്കാൾ ഗവൺമെൻറിന് ആദായകരവുമാണ്. കാട്ടർ കടവിൽ പുഴയുടെ അടിയിൽ പാറയുണ്ട്. പുഴയുടെ വീതിയും വളരെ കുറവാണ്. വഴിക്കുള്ള സ്ഥലം ഏതാണ്ടു പുറമ്പോക്കുള്ളതുകൊണ്ട് അക്വിസിഷൻ ചാർജ്ജും വളരെ കുറച്ചു മതിയാകും. കാട്ടർകടവിനെ സംബന്ധിച്ചിടത്തോളം ടെക്നിക്കലായിട്ടുള്ള പല സൌകര്യങ്ങളുമുണ്ട്. ആ വക സൌകര്യങ്ങളും പ്രിൻസിപ്പളും ഒരിക്കലും വിസ്മരിക്കാവുന്നതല്ല.

കാട്ടർകടവിൽ ക്രൂയാണ് കാട്ടർ, ചിറക്കൽ, ചേപ്പ്, തൃശ്ശൂർ മുതലായ ചന്തകളിലേയ്ക്കുള്ള പല സാധനങ്ങളും കൊണ്ടുപോകുന്നതു്. കാരാഞ്ചിറയിൽ കെട്ടിവാൻ ഗവൺമെണ്ടുദ്ദേശിക്കുന്ന പാലം കാട്ടർ കടവിൽ കെട്ടേണ്ട ആവശ്യത്തിനായി വലിയൊരു മാസ് പൊറിഷനും മറ്റും ഗവൺമെൻറിലേയ്ക്കയച്ചിട്ടുണ്ട്. എന്നിട്ടും യാതൊന്നും ചെയ്തതായി കാണുന്നില്ല. കാരാഞ്ചിറ കടത്തിനു ലേലസംഖ്യ ക്രമേണ കിട്ടുന്നുണ്ട്. പണം ക്രമേണ അവിടെ കിട്ടുന്നതുകൊണ്ട് ട്രാഫിക്ക് ക്രമേണ കാരാഞ്ചിറയിലാണെന്ന് ഒരുപക്ഷെ ഗവൺമെണ്ട് ഒരു മുടന്തൻന്യായം കൊണ്ടുവരുമായിരിക്കാം. എന്നാൽ അതിനുള്ള കാരണവും ഞാൻ വിവരിക്കാം. ഒന്നാമതു് കാരാഞ്ചിറനിന്നും കുഴപ്പിള്ളിക്കരക്കും ബണ്ട് റോഡിലേക്കുമായി രണ്ടുമൂന്നു സ്ഥലത്തേക്കു കടത്തുകൾ നടത്തിവരുന്നുണ്ട്. അതിൽ വലിയ ഭൂരിപക്ഷം കുമ്പിലാവു വില്ലേജിലുള്ള പഴവിലേക്കുള്ളവരാണ്. രണ്ടാമതു്, കാട്ടർ കടവു് ഇപ്പോൾ ലേലം ഉള്ള ഒരു സർക്കാർ കടവല്ല. കാട്ടർ കടവു നടത്തുന്ന ആൾ കൊറേ കോട്ടവളവു കടവാണ്ടലേലം വിളിച്ചിട്ടുള്ളതു്. കാട്ടർ കടവിലേക്കുള്ള പഞ്ചായത്തു വഴിയുടെ പണി ഏതാണ്ടു പൂർത്തിയായതോടുകൂടി കൊറേകോട്ട കടവിൽ ക്രമേണ തീരെ ട്രാഫിക്കില്ലാതാകയും ചെയ്യും. കാട്ടർ കടവിന്റെ ഇരുഭാഗങ്ങളിലും നല്ല വഴികളും ട്രാഫിക്കിനു് എല്ലാം കൊണ്ടും വളരെ സൌകര്യവും ഉണ്ടായതുകൊണ്ടാണ് ചാഴൂർ പഞ്ചായത്തിൽപ്പെട്ട കാട്ടർ കടവു വഴിയുടെ തെക്കെ അറ്റം ഉദ്ദേശം ൪, ൫ സെൻറു സ്ഥലം പട്ടയഭൂമി അക്വയർചെയ്തു കാട്ടർ കടവു ലേലത്തിൽ വെയ്ക്കുന്നതു് അങ്ങിനെ ചെയ്യുന്നതായാൽ ഉദ്ദേശം ൨൦൦൦ രൂപയോളം ഗവൺമെൻറിനു് പ്രതിവർഷം ആദായമുണ്ടാകാനിടയുണ്ടെന്നു ചാഴൂർ പഞ്ചായത്തു പല പ്രാവശ്യവും വളരെ ശക്തിയായി വാദിച്ചതും വാദിച്ചുകൊണ്ടിരിക്കുന്നതും. ആ സ്ഥലം അക്വയർ ചെയ്യാത്തതുകൊണ്ട് കാ

LIBRARY ARCHIVES Kerala Legislative Assembly

ട്ടർ കടവു ലേലംവിളിച്ചാലും ആ പറമ്പുടമസ്ഥനല്ലാതെ മറാക്കും സൌകര്യപ്പെടുകയില്ലെന്നോത്താണ് ആരും ലേലം വിളിക്കാത്തത്. അ കമിസിഷൻ കഴിഞ്ഞ് കൊറങ്കോട്ട കടവ് എന്നതു മാറി കാട്ടർ കടവ് എന്നു ചേത്തു ലേലംവിളിക്കുന്നതായാൽ കാരാഞ്ചിറയിലേക്കാൾ വളരെ കൂടുതൽ സംഖ്യ ഗവമ്മെൻറിനു കിട്ടും.

ഈവക സംശയം തീർക്കണമെങ്കിൽ ഇതിനെ സംബന്ധിച്ചു റി ക്കാർട്ടുകൾ പരിശോധിച്ചാൽ. മതി. മല്ലുറഞ്ഞാർ, ഇ സെൻറ് സ്ഥലം അകപയർചെയ്ത് കാട്ടർ കടവു സർക്കാർ കടവാക്കുവാൻ ഫാൻറെ മുതൽ നാട്ടുകാർ പരിശ്രമിച്ചുതുടങ്ങീട്ടുണ്ടെങ്കിലും സ്ഥലഉടമസ്ഥൻ ഒരു കുബേരനാകയാലും ഉദ്യോഗസ്ഥന്മാർ സ്വാധീനമുള്ളവനാകയാ ലും ഇതുവരെ അകപയർ ചെയ്യാതിരുന്നിട്ടുള്ളതുമാണ്.

ഇനി വേറെ ഒരു സംഗതി പറയുവാനുണ്ട്. ഫഫഫം-ലെ ബഡ്ജ റിൽ ഇതിലേയ്ക്ക് പതിനായിരം ഉറുപ്പിക അനുവദിച്ചു. ഫഫഫഫ-ൽ വന്നപ്പോൾ അതിൽ ഒരു ഉറുപ്പിക കുറഞ്ഞു. ഇനി ഫഫഫഒ-ൽ വരുമ്പോൾ അതിലും ഒരു ഉറുപ്പിക കുറച്ച് ൻരരര ആക്കും. ഇങ്ങിനെ കു റച്ചു കുറച്ചുകൊണ്ടുവന്ന് പാലംതന്നെ ഇല്ലാതെയാക്കരുതു്. ന്യായം പറയുമ്പോൾ ഈ സംഗതിയിൽ ഗവമ്മെണ്ടിനു തോൽവിപറ്റും. പിടിച്ചവാശി ജയിക്കണം എന്നു ഉവ്വാശി ആ സമയത്തുണ്ടാവാം. അങ്ങിനെ വരുമ്പോൾ "വാദമുണ്ടെങ്കിൽ പാലം ഒരുസ്ഥലത്തും വേ ണ്ട" എന്നുവെച്ച് പാലം ഇല്ലാതാക്കരുതു്. അതുകൊണ്ട് ചിലവു ചുരുക്കവും പൊതുജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദവുമായ കാട്ടർ കടവിൽ ഒരുപാലം പണിയിച്ചു പൊതുജനക്ഷേമം നൽകണമെന്ന് ര ണ്ടാമതും ഗവമ്മെണ്ടിനെ ഞാൻ ഉൽബോധിപ്പിക്കയും വാദംമൂലം പാലം ഒരിടത്തും ഇല്ലാതാക്കരുതെന്നാപേക്ഷിക്കയും ചെയ്യുന്നു.

പക്ഷെ ഇപ്പോഴത്തെ കല്പനകളെല്ലാം പാസ്സായികഴിഞ്ഞതാ ണ് എന്നു പറയുന്നതാണെങ്കിൽ ദിവാൻജിയവർകൾ ആ സ്ഥലം വന്നുകണ്ടു തീർച്ചപ്പെടുത്തിയ ശേഷമല്ലാതെ ഒരു പൈപോലും അവിടെ ചിലവുചെയ്യരുതെന്നു ഗവമ്മെൻറിനെ ധരിപ്പിക്കുവാനാ ണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു്. ദിവാൻജിയവ ർകൾ സ്ഥലത്തുവന്നു കണ്ടശേഷമേ പണി തുടങ്ങുകയുള്ളൂവെന്നു പ റഞ്ഞാൽ ഇതു പിൻവലിയ്ക്കുവാൻ എനിയ്ക്കു സമ്മതമാണ്.

Mr. E. P. Bhaskara Menon.—Sir, I have been fortunate enough to note certain matters regarding affairs of this Karanchira Bridge. It so happened that I personally went and inspected the place. Whatever my interest in that place may be, I have been able to see both sites where the bridge was originally intended to be and where it is to be. The Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

for Engineering can take it from me that economically, functionally, topographically and any other 'ally' the place where the bridge has to be constructed is where it was originally intended to be. I think it is the Kattur Kadavu. Considering the finance of the State as well as the various other advantages, I think I will be only right in strongly advising the Government that it would be better to have the bridge constructed at Kattur Kadavu as proposed by the Hon'ble the Mover and I may even assure the Hon'ble Member for Engineering that various mass petitions have been submitted to the Government on this matter and they are trying to submit further petitions to see that it is only constructed at Kattur Kadavu and if, as the Government orders now stand, it can be constructed only at Karanchira, I would request the Hon'ble Member for Engineering not to begin the work. With this I endorse the view of Mr. K. S. Panikkar and I request the Government to take a lenient view on the subject.

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യർ.— സർ, ഇരിങ്ങാലക്കുടനിന്നും താണിശ്ശരി, എടത്തുരുത്തി, കാട്ടൂർ മുതലായ വഴിയിൽക്കൂടി കാരാഞ്ചിറവഴി പെരിങ്ങോട്ടുകര, കാഞ്ഞാണി, പുത്തൻപീടിക, ഏനാംമാവ്, ചാവക്കാട്, ഗുരുവായൂർ മുതലായ പല രാജ്യങ്ങളിലേയും കാരാഞ്ചിറ മുതൽ പാലപ്പിള്ളി പാലവരേയും കാരാഞ്ചിറ മുതൽ തിരുവനന്തപുരംവരെ തെക്കോട്ടും പോകുന്നതിന്ന് ഏറ്റവും ഫലപ്രദമായ ഒരു സ്ഥലമാണ് കാരാഞ്ചിറ. ഈ കാരാഞ്ചിറ രാജ്യം വളരെകൊല്ലം മുതൽ ഗതാഗതസൌകര്യങ്ങൾ ഇല്ലാതെ അധഃപതിച്ചിട്ടുണ്ടെന്നുള്ളതു് എല്ലാവർക്കും അറിയാവുന്ന ഒരു സംഗതിയാണ്. ഈ കാരാഞ്ചിറ പരിസരങ്ങളിലും മറ്റുമായി അധഃകൃതവർഗ്ഗക്കാർ അധിവസിക്കുന്നുണ്ട്. അവിടെയുള്ള അധഃകൃതവർഗ്ഗക്കാർക്കു പ്രത്യേകമായി കൈത്തൊഴിൽ ഉണ്ടാകുന്നതിന്നും ഗതാഗതസൌകര്യങ്ങൾ വർദ്ധിക്കുന്നതിന്നുമായിട്ട് ആദ്യമായി അവിടെന്നു ഒരു പാലം കെട്ടിതരുന്നതിന്ന് ഞാൻ വിനയമായി അപേക്ഷിച്ചുകൊള്ളുന്നു.

Mr. V. K. Aravindaksha Menon.—Sir, this cut motion deals with the location of bridge. As I have said on more occasions than one, we generally meet with conflict of opinion from the public on these matters. Two Members have disapproved of the location of the bridge at the present site while another Member who has also studied this question advocated its present location. I also have looked into the question both from the point of utility and cost. I think I have expressed in this Council that the construction of the bridge at Kattur Kadavu would be very much more economic and less expensive than the

LIBRARY ARCHIVES Kerala Legislative Assembly

construction of the bridge at the present site. Again there is another argument that the question of cost should not be the only criterion in the matter, that it ought to be more useful and that it ought to be in a place where there will be a larger amount of traffic. On that score, the site at Karanchira was selected in accordance with the wishes of a large number of people. Of course, we had mass petitions from both sides. We went into the question very carefully and came to the conclusion that the location of the Bridge of Karanchira would be more useful. This question was also moved before the Road Board and they also suggested that it should be at Karanchira. These are the reasons which prompted the Government to select the present site.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ബഹുമാനപ്പെട്ട എഞ്ചിനീയർമെമ്പരുടെ മറുപടികൊണ്ട് പാലവും ഏറവും പുരുക്കം കാട്ടർ കടവിലാണെന്ന് അഭ്യൂഹവും സമ്മതിച്ചു. ജനങ്ങൾ അധികവും ഗതാഗതം ചെയ്യുന്നതു കാരാഞ്ചിറക്കടവിലാണെന്നുള്ള തെറ്റിദ്ധാരണ നീക്കുവാനാണ് ഞാൻ പാലത്തു് ഇവിടെ പറഞ്ഞതു്. എന്നാൽ അതിനു തക്കതായ മറുപടികളൊന്നും പറഞ്ഞുകണ്ടില്ല. നിത്യം അനുഭവസ്ഥരായ ഞങ്ങളോട്ട് ഈ മുടന്തൻ ന്യായങ്ങളൊന്നും പറഞ്ഞാൽ നടക്കയില്ല. അയ്യായിരം ഉറുപ്പിക ശമ്പളം വാങ്ങുന്ന ഒരു ഡാക്ടർവനു മരിക്കാത്ത ഒരാളെ മരിച്ചുവെന്നു പറഞ്ഞാൽ മരിച്ചുവെന്നു നമ്മളും സമ്മതിക്കണമെന്നു പറയുന്നതുപോലെയാണിതു്. ബഹുമാനപ്പെട്ട അധ്യക്ഷപ്രതിനിധിപറഞ്ഞതുപോലെ കാരാഞ്ചിറ പാലം കെട്ടിയതുകൊണ്ടൊന്നും ആളുകൾക്കു തൊഴിലുണ്ടാകയില്ല. പാലം കെട്ടീട്ട് അതിന്റെ മുകളിൽ കയറിയിരുന്നാൽ തൊഴിലുണ്ടാകുമോ? അതുകൊണ്ടു് ആവശ്യമില്ലാതെ പണം നശിപ്പിയ്ക്കരുതു്. പൊതുമുതൽ ചിലവുചെയ്യുന്നതു പൊതുജനങ്ങൾക്ക് ഏറവും ഉപകാരപ്രദമായ വഴിക്കായിരിക്കണം. ചിലവു് ഏറവും പുരുക്കവും പൊതുജനങ്ങൾക്ക് ഏറവും ഉപകാരപ്രദവും വിശിഷ്യാ വ്യവസായപോഷണവും കാട്ടർ കടവിലേക്കു പാലം നീക്കി പണിയിക്കുന്നതാണെന്ന് ഏതൊരു നിഷ്പക്ഷവാദിയും സ്ഥലപരിശോധനകൊണ്ടു് സമ്മതിക്കുന്നതാണ്. ഓരോരുത്തരോടുള്ള പ്രത്യേക താല്പര്യത്തിനു് പൊതുമുതൽ കയ്യും കണക്കുമില്ലാതെ വാരികോരി ചിലവുചെയ്യുന്നതു് ഒരിക്കലും ആശാസ്യമല്ല. അതുകൊണ്ടു് കാട്ടർനിന്നും കുഴപ്പള്ളിക്കരക്കു പാലം കെട്ടിക്കുവാൻ തീർച്ചയാക്കുന്നതിനു മുമ്പായി ദിവാൻജി അവർകൾ തന്നെ സ്ഥലത്തുവന്നു രണ്ടു സ്ഥലങ്ങളും നല്ലവണ്ണം പരിശോധിച്ചശേഷമേ ആ പാലം പണിക്കു പൊതുമുതലിൽനിന്നും ഒരു പൈപോലും ചിലവിടാവൂ എന്നു ഗവൺമെണ്ടിനെ വീണ്ടും ഉൽബോധിപ്പിച്ചുകൊള്ളുന്നു.

Motion was, with leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Motion No. 29.

Mr. K. S. Panikkar.—*To reduce the allotment of Rs. 3,53,793 for communication by Re. 1. (The urgent necessity of constructing the Muttidur Kadavu road and also to explain the previous orders of the Government in the said works).*

ഇതും ഞാൻ പ്രസ്താവിക്കുവാൻ വിചാരിയ്ക്കുന്ന ഒരു ഉപക്ഷേപമല്ല. ഈ സംഗതിയെ സംബന്ധിച്ച് ആദ്യം ഒരു അപേക്ഷകൊടുത്തു. അതിനു കിട്ടിയ മറുപടി ഞാൻ ഇവിടെ വായിച്ചുകേൾപ്പിക്കാം. Order P. No. 56 of 1106 dated 7th May 1932.

The provision of Rs. 5000 for land acquisition charges made in the Chief Engineer's estimate will be reduced to Rs. 4,500 which is the Divan Peishkar's estimate. The estimate is accordingly sanctioned for Rs. 10,000 and a copy of it is forwarded to the Registrar of Village Panchayats. The Chief Engineer is requested to forward a copy of the estimate to the Comptroller of Accounts.

The Registrar's proposal to spread the work over three years is sanctioned. The amounts required for the land acquisition charges i. e, Rs. 4,500 may be provided in the Panchayat Budget of 1108.

അതിനുശേഷം പല ഹർജികളും അയച്ചിട്ടുണ്ട്. പിന്നെ വന്നിട്ടുള്ള മറുപടിയാണിതു്. The road work will be taken up when funds permits വേറൊരു ഹർജിയ്ക്കു കിട്ടിയ മറുപടി "Recorded". മൂന്നാമതുകിട്ടിയതു് "The work will be considered according to availability of funds". മറെറാരു ഹർജിക്കുള്ള മറുപടി, "For want of funds provisions could not be made in the Budget".

ഇതുകളെല്ലാമാണ് ഈ വഴിപ്പണിയെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള മറുപടികൾ. അനന്തരശേഷം വല്ലവരും ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതു വാങ്ങിയ ഉടനതന്നെ Waste basket ൽ ഇടുകയും ചെയ്തിട്ടുണ്ടെന്നാണു തോന്നുന്നതു്. പക്ഷെ ഇതു സാധുക്കളുടെ കാര്യമായതുകൊണ്ട് ചവറുകൊട്ടയതന്നെ ശരണം പ്രാപിക്കാനാണ് എളുപ്പം. എന്നാൽ ഇതു ചവറുകൊട്ടയിലിടരുതേ എന്നേ അപേക്ഷയുള്ളൂ. ഞാൻ ഒരു ദിവസം ഇൻഡസ്ട്രിയൽ സ്കൂളിൽ ചെന്നപ്പോൾ ഒരുതരം പുരൽകൊട്ടകൾ നെയ്തു വച്ചിരിക്കുന്നതു കണ്ട് അടുത്തുണ്ടായിരുന്ന ഒരു സ്നേഹിതനോടു് എന്തിനാണു് ഈ പുരൽകൊണ്ടുള്ള കൊട്ടകൾ എന്ന ഉൽകണ്ഠയോടുകൂടി ഞാൻ ചോദിച്ചതിനുണ്ടായ മറുപടി എന്നെ അത്ഭുതപരതന്ത്രനാക്കിതീർത്തു. അദ്ദേഹം പറഞ്ഞതു് ഈ കൊട്ട

LIBRARY ARCHIVES Kerala Legislative Assembly

കം എല്ലാ ആഫീസുകളിലേക്കും കൊടുത്തയക്കുമെന്നും സാധുക്കളായ നമ്മുടെ നാട്ടുകാർ അയക്കുന്ന ഹർജികം വായിച്ചുനോക്കിയോ വായിച്ചുനോക്കാതേയോ വാരിക്കോരിയിടാൻ വകുപ്പദ്ധ്യക്ഷന്മാർ അവരുടെ സിംഹാസനത്തിന്നാട്ടത്ത് സൂക്ഷിക്കുന്നതിന്നാണെന്നുമാണു പറഞ്ഞതു്. ഓരോ വകുപ്പദ്ധ്യക്ഷന്നും നമ്മം കൊടുക്കുന്ന ഹർജികൾക്ക് മറുപടി കിട്ടാതിരിക്കുന്നതിന്റെ കാരണംതന്നെ എനിക്ക് അപ്പോഴാണു മനസ്സിലായതു്. എന്നാൽ മറ്റു സംഗതികളിൽ ഗവമ്മെണ്ടു നവത്തിച്ചുവരുന്ന ആ മനോഭാവംതന്നെ ഇതിലും കാണിക്കരുതെന്നു് പ്രത്യേകം അപേക്ഷയുണ്ടു്. പ്രസ്തുത വഴിയുടെ അത്യാവശ്യകതയേയും അതിനെ സംബന്ധിച്ചിതുവരെയുണ്ടായിട്ടുള്ള മറുപടികളേയും മറും ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽപ്പെടുത്തുവാൻ മാത്രമായിട്ടാണു് ഈ ഉപക്ഷേപം ഞാൻ ഇവിടെ അവതരിപ്പിച്ചതു്. ഇതു് പ്രസ്സുചെയ്യുവാൻ ഞാൻ വിചാരിക്കുന്നുമില്ല.

Motion was, with leave, withdrawn.

Motion No. 30.

Mr. C. P. Lonappan.—*To reduce the allotment of Rs. 3,53,793 for communication by Re. 1. (The necessity of improving water communication between Mattancheri and Trichur).*

കച്ചവടക്കാക്കു് ചരക്കുകം കൊണ്ടുവരുവാൻ എളുപ്പവും ആദായമാർഗ്ഗവും മട്ടാഞ്ചേരിയിൽനിന്നും തൃശ്ശൂരിലേയ്ക്കുള്ള ജലമാർഗ്ഗമാണു്. റയിൽവെമാർഗ്ഗം ചരക്കുകം കൊണ്ടുവരുന്നതിനേക്കാളും നൂറുക്ക് അൻപതുവീതം ആദായം ജലമാർഗ്ഗമായി കൊണ്ടുവരുന്നതായാൽ ഉണ്ടാകുന്നതാണു്. ആദായം മാത്രമല്ല, കൂടുതൽ ചരക്കുകം കൊണ്ടുവരുവാനും ജലമാർഗ്ഗം ഏറ്റവും അത്യാവശ്യമായിട്ടുള്ളതാണു്. ഷോറണ്ണൂർ കൊച്ചിൻ റയിൽവേ നടപ്പിൽ വരുന്നതിന്നുമുമ്പുവരെ മട്ടാഞ്ചേരിയിൽനിന്നും തൃശ്ശൂരിലേയ്ക്കുള്ള ജലമാർഗ്ഗം വളരെ സൌകര്യപ്രദമായിട്ടാണു് ഇരുന്നിരുന്നതു്. എന്നാൽ റയിൽവേയുടെ ആവിർഭാവത്തോടുകൂടി ഈ ജലമാർഗ്ഗത്തെ തീരെ അവഗണിയ്ക്കുകയും ഓരോരോ കൊല്ലങ്ങളായി അതിൽ തീരെ ശ്രദ്ധയില്ലാതെ ഉപയോഗശൂന്യമാക്കിതീർക്കുകയും ചെയ്തിട്ടുണ്ടു്. ഇപ്പോൾതന്നെ ഏറണാകുളത്തുനിന്നും തൃശ്ശൂരേയ്ക്കു ചരക്കുകം കൊണ്ടുപോകുവാൻ വള്ളംവഴിയ്ക്കു യാതൊരു നിവൃത്തിയുമില്ല. ലോറിവഴിയ്ക്കും മറും കൊണ്ടുപോകുകയാണെങ്കിൽ ചിലവു് വളരെ അധികമാകുന്നതായിട്ടാണു കണ്ടുവരുന്നതു്. ആയതുകൊണ്ടു് മട്ടാഞ്ചേരിയിൽനിന്നും തൃശ്ശൂരിലേയ്ക്കുള്ള ജലമാർഗ്ഗത്തെ ഉപയോഗപ്രദമാക്കണമെന്നപേക്ഷിയ്ക്കുവാനാണു് ഞാൻ ഈ കട്ടമോഷൻകൊണ്ടാവശ്യപ്പെടുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പോപ്പുറുലാൽ ഗോവർദ്ധനലാലൻ.— സർ, ഈ കട്ട മോഷനെ ഞാൻ പിൻതാങ്ങുന്നു. ഈ കട്ടമോഷൻതന്നെ ഈ അജൻറയിലെ ർ൫-ാമത്തെ നമ്പരായി ഞാനും കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ അതു് അവിടെ അവതരിപ്പിയ്ക്കുവാൻ സമയം കിട്ടുമോ എന്ന സംശയമുള്ളതുകൊണ്ട് കിട്ടിയ അവസരം കളയാതെ ഞാനും ചില വിവരങ്ങൾ ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽ പെടുത്തുവാനായി രണ്ടു വാക്കു പറഞ്ഞുകൊള്ളാം.

നമ്മുടെ ബഹുമാനപ്പെട്ട ഗവമ്മെണ്ടു് ഹാർബറിൻെറ ആവശ്യത്തിലേയ്ക്കായി ലക്ഷക്കണക്കിനു പണം ചിലവുചെയ്തിരിയ്ക്കുന്നു. അങ്ങിനെ ചിലവാക്കിയ പണം ഉപകാരപ്പെടണമെന്നും, പ്രകൃതിദത്തമായ പല സൌകര്യങ്ങളുമുള്ള ഈ കായലിൻെറ ശാഖകൾക്കു് ഉപകാരപ്രദമായിതീരണമെന്നും ഉള്ള ഉദ്ദേശത്തോടുകൂടി ജലമാർഗ്ഗങ്ങൾ സൌകര്യമായി തുറന്നുകൊടുക്കേണ്ടതു് ഗവമ്മെണ്ടിൻെറ കടമയാണു്. തൃശ്ശൂരിൽനിന്നും ചരക്കുകൾ വള്ളങ്ങളിൽ കയറ്റി കൊച്ചീ കായലിൽ കൊണ്ടുവന്നു് ഹാർബർ മുഖിയായി അവയെ വിദേശങ്ങളിലേയ്ക്കയയ്ക്കുന്നതിനു വളരെ സൌകര്യമുണ്ടു്. എന്നാൽ ഇപ്പോൾ തൃശ്ശൂരിൽനിന്നും വരുന്ന ചരക്കുവള്ളങ്ങൾ മട്ടാഞ്ചേരിയിൽ വന്നൊഴുന്നതിനും മട്ടാഞ്ചേരിയിൽനിന്നും തൃശ്ശൂർചെന്നുചേരുന്നതിനും അഞ്ചും ആറും ദിവസങ്ങൾ വേണ്ടിവരുന്നുണ്ടു്. വേനൽക്കാലമായാൽ പിന്നെ തീരെ ഗതാഗതം ചെയ്യുവാൻ സാധിയ്ക്കയില്ല. തൃശ്ശൂരിൽനിന്നും മറ്റുള്ള ഉൾനാടുകളിൽനിന്നും ചരക്കുകൾ കൊച്ചീക്കായലിൽ കൊണ്ടുവന്ന വിദേശങ്ങളിലേയ്ക്കു കയറ്റുമതി ചെയ്യുന്നതിനു് ആദായകരമായ മാർഗ്ഗം വള്ളംവഴിയല്ലാതെ റയിൽവഴിയല്ല. എന്നാൽ വള്ളംവഴി സാമാനങ്ങൾ കൊണ്ടുവരാമെന്നുവച്ചാലും റയിൽവേ വകയിൽ ആദായം കുറഞ്ഞുപോകുമെന്ന കാരണംകൊണ്ടു് റയിൽവഴിയ്ക്കു കൊണ്ടുവരുവാൻവേണ്ടി വള്ളംവഴി ചരക്കു കൊണ്ടുവരുന്നതിനെ ഗവമ്മെണ്ടു തടസ്ഥം ചെയ്യുവാനുമിടയുണ്ടു്. അങ്ങിനെ വരുമ്പോൾ ഉൾനാടുകളിലുള്ള കച്ചവടക്കാർക്കു ചരക്കുകൾ കൊണ്ടുവരുവാനും പോകുവാനും ബുദ്ധിമുട്ടുണ്ടാകും. എന്നുമാത്രമല്ല കച്ചവടത്തിൻെറ അഭിവൃദ്ധി കുറയുകയും ചെയ്യും. ഇതിനുമുമ്പു് കൊച്ചിയിലെ ജലമാർഗ്ഗമായുള്ള ഗതാഗതത്തെ സൌകര്യപ്പെടുത്തുവാൻ ഗവമ്മെണ്ടിനു് ആലോചനയുണ്ടായിരുന്നതായി എനിയ്ക്കറിയാം. എസ്റ്റിമേറും അന്നു തയ്യാറാക്കീട്ടുണ്ടായിരുന്നു. എന്നാൽ പണം ചിലവു ചെയ്യുവാനും കഷ്ടപ്പെടുവാനുമുള്ള മടികൊണ്ടായിരിയ്ക്കാം അതു വേണ്ടെന്നുവെച്ചതെന്നു തോന്നുന്നു. പരമാർത്ഥത്തിൽ ഈ പണച്ചിലവും കഷ്ടപ്പാടും ചെയ്തുകഴിഞ്ഞാൽ ഇതു ക്രമേണ ആദായകരമായിത്തീരുമെന്നുള്ളതു് ഗവമ്മെണ്ടിനു് ബോദ്ധ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്. എന്നാൽ ആ പണം ഇപ്പോൾ ചിലവുചെയ്യുന്നതായാൽ ക്രമേണ ഉപകാരപ്രദമായിരിക്കുമെന്നാണു് എൻെറ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ഒരു രാജ്യത്തിലെ വാണിജ്യം അഭിവൃദ്ധിപ്പെടുന്തോറും ആ രാജ്യത്തിനു കൂടുതൽ ഗുണമുണ്ടാകുകയാണു ചെയ്യുന്നതു്. ചില സ്ഥലങ്ങളിൽമാത്രം കായൽ കുറെ താഴ്ത്തിക്കഴിഞ്ഞാൽ വള്ളങ്ങളെല്ലാം വളരെ സൌകര്യമായിട്ടു കൊണ്ടുപോകാൻ സാധിയ്ക്കും. ചില സ്ഥലങ്ങളിൽ പാറകം. ഉള്ളതുകൊണ്ടു താഴ്ത്തുവാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. അതുകൊണ്ടു് എല്ലാ പ്രവൃത്തികളും ഒന്നിച്ചുചെയ്യുതരണമെന്നു പറയുന്നില്ല. ഓരോന്നായി ആരംഭിച്ചു് രണ്ടോ മൂന്നോ തവണകളിലായിട്ടെങ്കിലും മുഴുവൻ വഴികളും നന്നാക്കി വള്ളങ്ങളുടെ പോക്കുവരവിനു സൌകര്യപ്പെടുത്തിത്തന്നാൽ കൊള്ളാമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ കട്ടമോഷനെ പിൻതാങ്ങുന്നു.

മിസ്റ്റർ എം. വി. ചെറിയാൻ.— മട്ടാഞ്ചേരിയിൽനിന്നുള്ള ജലമാർഗ്ഗക്കുറവിനെ പരിഹരിയ്ക്കുവാൻവേണ്ടിയുള്ള ഈ മോഷനെ ഞാനും പിൻതാങ്ങുന്നു. അവിടെനിന്നും കുറച്ചുകൂടി മാറി ഉൾനാടുകളിൽ നോക്കിയാൽ ആ ഭാഗത്തുള്ള കച്ചവടത്തിനു് യാതൊരഭിവൃദ്ധിയും കാണുന്നില്ല. ഇപ്പോൾ പുഴവാരത്തുള്ള കച്ചവടക്കാരായ സേട്ടമാർക്കു് ഗവൺമെണ്ടു് കച്ചവടവിഷയത്തിൽ ചെയ്തുകൊടുക്കുന്നതുപോലെയുള്ള യാതൊരു സൌകര്യങ്ങളും ഉൾനാടുകളിലുള്ളവർക്കു ചെയ്തുകൊടുക്കുന്നില്ല. പ്രധാനമായി മട്ടാഞ്ചേരിയും തുശ്ശൂരുമായിട്ടുള്ള ഗതാഗതം സൌകര്യപ്പെടുത്തിക്കഴിഞ്ഞാൽ ഉൾനാടുകളിലെ കച്ചവടവും അഭിവൃദ്ധിപ്പെടുവാനിടയുണ്ടു്. ഇപ്പോൾ അവിടെ ചിറളായിയിൽ ഒരു തോടുണ്ടു്. അതും ഈ ബാക്കുവാട്ടറിനോടു ബന്ധിച്ചാണു കിടക്കുന്നതു്.

പ്രസിഡണ്ടു്.— ഉൾനാടുകളെക്കുറിച്ചു പറയേണ്ടതില്ല.

മിസ്റ്റർ എം. വി. ചെറിയാൻ.— മട്ടാഞ്ചേരിയെക്കുറിച്ചു പറയുമ്പോൾ ഇതുകൂടി ഉൾപ്പെടുത്തി പറയുന്നുവെന്നേയുള്ളു. ഏതായാലും തുശ്ശൂക്കുള്ള ജലമാർഗ്ഗസൌകര്യം വളരെ കുറവുണ്ടു്. അതു സംബന്ധിച്ചു വേണ്ടതു ഗവൺമെണ്ടിൽനിന്നും ചെയ്തുകൊടുക്കണമെന്നു് അപേക്ഷിയ്ക്കുന്നു.

മിസ്റ്റർ പി. രാമൻമേനോൻ.— ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുധ്യക്ഷൻ എട്ടു ലക്ഷത്തിൽ അധികം സംഖ്യയ്ക്കുള്ള ധനാഭ്യർത്ഥനകൾ ഹാജരാക്കി. അതിൽ ഒന്നൊന്നായി ഒട്ടധികം ഉപക്ഷേപങ്ങൾ ബഹുമാനപ്പെട്ട അനുദ്യോഗസ്ഥാംഗങ്ങൾ കൊണ്ടുവന്നിട്ടുണ്ടു്. എന്നാൽ, ആ വക എല്ലാ ഉപക്ഷേപങ്ങളിലും വെച്ചു്, ഏതുകൊണ്ടും പ്രാധാന്യത്തെയും പ്രാഥമ്യത്തെയും വഹിക്കുന്നതു് ഈ ഉപക്ഷേപമാണെന്നു് അഭിപ്രായപ്പെടുവാൻ എനിക്കു് അശേഷം അധൈര്യമില്ല. കൊച്ചിയെ കൊക്കാലയുമായി നല്ലതായ ഒരു ജലമാർഗ്ഗംകൊണ്ടു ബന്ധിക്കുന്നതിനുള്ള അത്യാവശ്യത്തെ ഗവൺമെണ്ടിനെ

LIBRARY ARCHIVES Kerala Legislative Assembly

ധരിപ്പിക്കുവാനാണ് ഈ പ്രപോസിഷൻ കൊണ്ടുവന്നിട്ടുള്ളത്. ഇതു് ഒരു പുതിയ പ്രസ്ഥാനമല്ല, ഒരു നൂതനാഭിപ്രായവുമല്ല. കൊച്ചി ഇന്നത്തെ നിലയിൽ എത്തുന്നതിനു് എത്രയോ മുമ്പുതന്നെ, ഈ സ്ഥിതിയിൽ എത്തുമോ എന്നു സംശയിക്കുന്നതിനുപോലും വഴിയില്ലാതിരുന്ന ആ പണ്ടുകാലത്തുതന്നെ, വിദേശീയഭരണം നമ്മെ വഴിതെറ്റിക്കുവാൻ തുടങ്ങുന്നതിനുമുമ്പു്, വിശ്വവിഖ്യാതന്മാരായ നാടൻ ദിവാൻജിമാരുടെ കാലത്തു കൊച്ചിയെ തുശ്ശൂരായി ക്ഷീണിപ്പിക്കുന്നതിന്റെ ആവശ്യകതയും ഔചിത്യവും കൊച്ചിക്കാരെ ബോദ്ധ്യപ്പെട്ടിരുന്നതും അതിനുവേണ്ട ചില പരിശ്രമങ്ങൾ അക്കാലത്തുതന്നെ നടത്തപ്പെട്ടിരുന്നതും ആകുന്നു. ഏതു തീവണ്ടിയേക്കാളും ജലമാർഗ്ഗങ്ങൾ കൂടുതൽ ആദായകരവും, സൌകര്യപ്രദവുമാണെന്നു് ആരും സമ്മതിക്കുന്നതാണു്. കൊച്ചിയിൽനിന്നു കരുപ്പടന്നവഴി ക്രമമായി സഞ്ചരിച്ചിരുന്ന കേവുവഞ്ചികൾക്കു നേരെ തുശ്ശൂക്കെത്തുന്നതിനുള്ള അസൌകര്യത്തെ ഇല്ലായ്മചെയ്യുന്നതിനുള്ള മുഖ്യോദ്ദേശത്തോടുകൂടിയാണു് അന്നത്തെ ദിവാൻ കാരാഞ്ചിറ മുതൽ കൊക്കാലെവരെയുള്ള ഒരു തോടുതന്നെ പുതിയതായി സനിഷ്ക്കർഷം വെട്ടിച്ചതു്. ആ തോടാണു് ഇന്നും പേരിന്റെ പുതുമമാത്രം പോകാത്ത "പുത്തൻതോടു്". കരുപടന്നയിൽനിന്നു വണ്ടിവഴിക്കു തുശ്ശൂക്കെന്നപോലെതന്നെ കാരാഞ്ചിറയിൽ ചെന്നാൽ വണ്ടിവഴിക്കും തുശ്ശൂക്കു പോകുന്നതിനുള്ള ഒരു പുതിയ വഴിയും അന്നുള്ളവർ ഉണ്ടാക്കിവെച്ചു. ഈ ജലമാർഗ്ഗത്തെ അതിന്റെ ഉദ്ദേശം പൂർത്തിയാകുന്നപ്രകാരം ഗവർമ്മെണ്ടിൽനിന്നു സംരക്ഷിച്ചുവന്നിരുന്നെങ്കിൽ ഇന്നു് ഈ ഉപക്ഷേപത്തിനുതന്നെ അവസരമോ ആവശ്യമോ ഉണ്ടാകുമായിരുന്നില്ല. ഈ ജലമാർഗ്ഗം തെളിയിക്കുന്നതായാൽ കൊച്ചിയിലുള്ള വലിയ കച്ചവടക്കാരായ സേട്ടുക്കൾമാത്രമല്ലാ ആ വഴിവക്കിനു് അങ്ങോളമുള്ള എല്ലാ എടനാട്ടു കച്ചവടക്കാർക്കും കൃഷിക്കാർക്കും അതുകൊണ്ടു് അനേകം തരത്തിലുള്ള ഗുണങ്ങളുണ്ടാകുന്നതാണു്. കയറുമതിക്കച്ചവടവും ഇറക്കുമതിക്കച്ചവടവും വർദ്ധിപ്പെടുന്നതും ഉല്പന്നങ്ങളുടെ വില്പനക്കു കൂടുതൽ സൌകര്യവും അവയ്ക്കു പൂർവ്വാധികം വിലയും കിട്ടുന്നതും ആകുന്നു. തീവണ്ടിയേക്കാൾ ലാഭമാണു്, കച്ചവടക്കാർക്കു ചരക്കു കൊണ്ടുപോകുന്നതിനു് ഈ ജലമാർഗ്ഗം എന്നതിൽ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ ഇന്നും തുശ്ശൂരുള്ള കച്ചവടക്കാർ കൊച്ചിയിൽനിന്നു സാമാനം കൊണ്ടുപോകുന്നതു് ഞാറ്റുവാൻകടവുവരെ വള്ളത്തിൽ കയറ്റിയും അവിടന്നു കാളവണ്ടിയിൽ കയറ്റിയും ആണെന്നറിയുമ്പോൾ സംശയനിവൃത്തി ഉണ്ടാകുന്നതാണു്. ചരക്കുകളുടെ കാര്യത്തിൽ തീവണ്ടിക്കമ്പനിക്കാർ ചെയ്യുന്നുണ്ടെന്നു പറയപ്പെടുന്ന ഒത്താശകൾ കൊച്ചീക്കാർക്കു് അധികം അനുഭവയോഗ്യമല്ല. മതിരാശി, കല്ലൂട്ടി മുതലായ ദൂരദേശങ്ങളിൽനിന്നു തുശ്ശൂക്കു വരുന്ന സാമാനങ്ങളുടെ ക്രയവിനിമയത്തിൽ ടികമ്പനിക്കാർ വരുത്തുന്ന ഇളവുകൾ, സിംഹഭാഗവും അവർക്കുതന്നെയു

LIBRARY ARCHIVES Kerala Legislative Assembly

ല്ലാതെ, കൊച്ചിക്കാക്ക് അനുഭവയോഗ്യമല്ല; കാരണം, കൊച്ചിത്തീവണ്ടിപ്പാതയുടെ ആകെ നീളംതന്നെ നൂറ്റമ്പതു നാഴികയേ ഉള്ളൂ. അതുകൊണ്ട്, ഈ ജലമാർഗ്ഗത്തിന്റെ പുനരുദ്ധാരണം തീവണ്ടിയിൽനിന്നു സർക്കാരിലേക്കു ലഭിക്കുന്ന ആദായത്തെ ലഘൂകരിച്ചേക്കുമെന്നുള്ള ഭയത്തിന്നു അടിസ്ഥാനമോ അർത്ഥമോ ഇല്ലതന്നെ. ഓ— തീവണ്ടിയെക്കുറിച്ച് ഈ സഭയ്ക്ക് ഒന്നും ശബ്ദിക്കുവാൻതന്നെ അധികാരമില്ലാത്തതുകൊണ്ട് ഞാൻ തീവണ്ടിയെ വെള്ളത്തിലേക്കു വലിക്കുന്നില്ല. എങ്കിലും തീവണ്ടിയിൽനിന്നു കിട്ടിയേക്കാവുന്ന ലാഭവീതത്തിൽ കുറവു വന്നേക്കുമെന്ന ഭയപ്പെട്ട ജലമാർഗ്ഗത്തെ ഉപേക്ഷിക്കുന്നതു ന്യായമോ ബുദ്ധിപൂർവ്വമോ അല്ലെന്നു പറയുവാൻ ഞാൻ ധൈര്യപ്പെടുന്നു. ഈ ജലമാർഗ്ഗം പരിപുഷ്ടമാക്കുന്നതിന്നു ഗവർമ്മെണ്ടു ശ്രമിക്കുന്നതായാൽ അതുകൊണ്ടുതന്നെ മൂന്നു കാര്യങ്ങൾ—ഇന്നാട്ടെ വിഷമതരങ്ങളായ മൂന്നു മഹാ പ്രശ്നങ്ങൾ—ഒന്നിച്ചു സാധ്യപ്പെടുന്നതുക്രെടിയാണ്. ഒന്നാന്തരം ഒരു ഗതാഗതമാർഗ്ഗം ഉണ്ടായിത്തീരുന്നതോടുക്രെടി, അനവധി ആളുകൾക്ക് —തൊഴിലില്ലായ്മയെന്ന ശബ്ദം സർവ്വദിക്കിലും ഓളംതല്ലുമ്പോൾ— അതു പണിയുണ്ടാക്കിക്കൊടുക്കുകയും, കോൾനിലങ്ങളിലേക്കും മറ്റും വേണ്ട ജലസേചനമാർഗ്ഗങ്ങളെക്കുറിച്ചുള്ള മുറവിളികൾക്ക് ഏറുക്കുറെ ശമനമുണ്ടാക്കുകയും ചെയ്യും. കേവു വഞ്ചികളുടെ ധാരാളമായുള്ള ഗതാഗതം പ്രയത്നശീലന്മാരായ വളരെ ജനങ്ങൾക്ക് അഭിമാനവും ആദായവുമുള്ള നിത്യത്തൊഴിലുണ്ടാക്കുകയും കായൽത്തീരങ്ങളെല്ലാം സജീവങ്ങളും സമ്പുഷ്ടങ്ങളുമായിബ്ഭവിക്കുകയും ചെയ്യും. ഇതാ കൊച്ചിത്തുറമുഖം അതിന്റെ ചതുർത്ഥഘട്ടത്തിലേക്കു കടക്കുവാൻ പോകുന്നു! അതു ലോകത്തിലെ മനോഹരങ്ങളായ ഒന്നാന്തരം തുറമുഖങ്ങളിൽ ഒന്നാകാൻ പോകുന്നു. എന്നാൽ, ആ ഒന്നാംസ്ഥാനമോ മാന്യപദവിയോ അർഹത്താകണമെങ്കിൽ കൊച്ചിയിൽനിന്ന് എവിടേക്കും കേവു വഞ്ചികൾക്കു ഗതാഗതം ചെയ്യുന്നതിന്നുള്ള സൌകര്യമുണ്ടാകണം. ആ ഹൃദയത്തിലെ രക്തം രാജ്യത്തിന്റെ നാനാഭാഗങ്ങളിലും രക്തനാഡികളിൽക്കൂടിത്തന്നെ വ്യാപിക്കുമാറാകണം. ഈ നാലാംഖണ്ഡം പൂർത്തിയാകുന്നതോടുക്രെടി ഈ ഗതാഗതമാർഗ്ഗവും പൂർത്തിയാക്കണം. അതും നാലാംഘട്ടത്തിലെ പ്രവൃത്തികളിൽ ഒന്നാണെന്നതന്നെ കരുതണം. അതിന്നുള്ള അവസരവും ആവശ്യവും ആളും ആയുധങ്ങളും കൈവന്നിരിക്കുന്നു. എനിക്കിനിയും പലതും പറവാൻതോന്നുന്നു. നേരം പാട്ടരാശിയായി. ഈ ഉപക്ഷേപം സ്വീകരിക്കണമേ എന്നു ഞാൻ ഗവർമ്മെണ്ടിനോടു സവിനയം അപേക്ഷിക്കുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— കരാഞ്ചിറയിൽ ഒരു കെട്ട് ഉണ്ടാക്കിട്ടുള്ളതുതന്നെ ഉപ്പുവെള്ളം കയറി കോൾകൃഷിയ്ക്കു ദോഷം ഉണ്ടാകാതിരിയ്ക്കുവാനാണ്. കുറച്ചുകാലം മുമ്പായംകെട്ടുണ്ടായിരുന്നതുകൊണ്ട് വഞ്ചിക്കാക്കു ഗതാഗതത്തിന്നു കൂടുതൽ ഉപദ്രവം ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

യിരുന്നു. എന്നാൽ ഇപ്പോൾ ആ കെട്ട വേണ്ടെന്നു ഗവൺമെണ്ടു തീരുമാനിച്ചിട്ടുണ്ട്. കാരാഞ്ചിറയിലെ കെട്ടുകൊണ്ടാണു് യാത്രക്കാക്കു് ഇപ്പോൾ അധികവും ഉപദ്രവമുള്ളതു്. കാരാഞ്ചിറയിലെ കെട്ടില്ലെങ്കിൽ ഉപ്പുവെള്ളം കയറി കാർഷി നശിയ്ക്കുവാനിടവരുമെന്നുള്ളതുകൊണ്ടു് ആ സ്ഥലത്തു തന്നെ ലോക്കു് അറെഞ്ചുമെൻറുണ്ടാക്കിയാൽ ഉപ്പുവെള്ളം കയറാതിരിയ്ക്കുകയും, വേലിയിറക്കസമയത്തെങ്കിലും കച്ചവടക്കാക്കും യാത്രക്കാക്കും സാമാനവുള്ളങ്ങൾ കൊണ്ടുപോകുന്നതിനും മറും വളരെ സൌകര്യമായിരിയ്ക്കുകയുംചെയ്യും. പഴവിൽതോടു് ഇറിഗേഷനും നാവിഗേഷനും ആയി ഉപയോഗിയ്ക്കുന്നതാണു്. അതിൽ മണൽവീണു നികന്നതു് താഴ്ത്തിക്കുന്നതിനുവേണ്ടി ആറായിരം രൂപായോളം ർ, @ കൊല്ലംമുമ്പെ ചിലവുചെയ്തിട്ടുണ്ടു്. ആ കരാറുകാരന്റെ കൃത്രിമപണിമൂലം അതു നിഷ്പ്രയോജനമായിത്തീർന്നു. അതുകൊണ്ടു് ഇപ്പോൾ നടവിടെ വഷ്ക്കാലത്തുമാത്രമേ കെട്ടവഞ്ചികൾ സൌകര്യമായി പോയിക്കൊണ്ടിരിക്കുന്നുള്ളൂ. പഴവിൽ ഇപ്പോൾ പണിയിച്ചിട്ടുള്ള പാലത്തിന്റെ ലെവൽ വളരെ താഴ്ന്നിരിക്കുകയാൽ വള്ളങ്ങൾ വെള്ളപ്പൊക്കകാലത്തു പാലത്തിന്റെ മുകളിൽക്കൂടി കടന്നുപോകുമോ എന്നസംശയമാണു്. എന്നാൽ ഇഞ്ചമുടിയിൽ ഉണ്ടാക്കീട്ടുള്ള തോടു മുഴുവൻ ഈ തോട്ടിൽക്കൂടിയുള്ള ഡിസ്ചാർജ് കുറവായിരിക്കുമെന്നാശിക്കാവുന്നതും അതുമൂലം ആ അസൌകര്യം പരിഹരിക്കപ്പെടുന്നതുമായിരിക്കാം. പുല്ലറവുപാലവും ചെങ്കൽപാലവും ബീഹാർ ഭൂകമ്പത്തിന്റെ ആഫ്ടർ എഫക്ടു മൂലം കീഴ്പോട്ടിരുന്നതുപോലെ കുററാഭൂകമ്പത്തിന്റെ ആഫ്ടർ എഫക്ടു മൂലം പഴവിൽപാലം കീഴ്പോട്ടിരിക്കുമെന്നാൽ കെട്ടവള്ളക്കാരുടെ ഗതാഗതം നിർബാധമായിരിക്കുമെന്നു വിശ്വസിക്കുക. എന്നാലും നികന്നുകിടക്കുന്ന തോട്ടുകൾ താഴ്ത്തിക്കാതെ ഗത്യന്തരമില്ല. തോടു താഴ്ത്തുന്ന മണ്ണു് തോടിന്റെ പടിഞ്ഞാറെ ഭാഗത്തിട്ടുന്നതായാൽ പഴവിൽനിന്നും ആലപ്പാടവില്ലേജിലുള്ള പോറത്തുക്കു് അതു് ഒരു നല്ല റോഡാക്കി തീർപ്പാനും തന്മൂലം ആലപ്പാടവില്ലേജുകാക്കു് വളരെ ഗതാഗതസൌകര്യവും ഉണ്ടായിതീരുന്നതുമാണു്. അതുകൊണ്ടു് ആ തോടു താഴ്ത്തിപ്പും ലോക്കു് അറെഞ്ചുമെന്റു് ഏർപ്പെടുത്തിയും അതു ശരിയായിട്ടുള്ള ഒരു നാവിഗേഷൻ കനാൽതന്നെയാക്കി രൂപാന്തരപ്പെടുത്തണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

Mr. K. S. Mankam.—Sir, In order to achieve the maximum desired advantge, from the project, I may be allowed to suggest that while connecting Trichur with Mattancherry by means of water communication, Irinjalakuda may also be connected.

LIBRARY ARCHIVES Kerala Legislative Assembly

Mr. V. K. Aravindaksha Menon.—About the improvements of water-ways between Trichur and Ernakulam, the only place where there is trouble for traffic is at Karanchira. A bund is put at Puthenthode to prevent the ingress of salt water and for five months in the year this bund is in existence. Water from Puthenthode is used for irrigating kole lands, and for two or three months, it is certain that navigation will be impossible. But, we have looked into this question and have also prepared a list of places where dredging has to be done. There may not be any obstruction for the remaining seven months and this work will be ordered by Government shortly. As regards the proposal for the construction of locks in the canal, I may say that it may not be quite feasible in a place like Puthenthode for, the amount of water available for irrigation is very small. Everytime a boat gets into, some salt water will get into the thodu and this will mix with the water used for irrigation and it will be injurious for irrigation purposes. Therefore, you must have some sort of sluice - gates at Puthenthode for the transfer of boats from one place to another. This question will also be dealt with along with that of the external supply of water for irrigating kole lands.

മിസ്റ്റർ സി. പി. ലോനപ്പൻ.— ബഹുമാനപ്പെട്ട എഞ്ചിനീയർ മെമ്പർ അവർകളുടെ വാക്കുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പ്രസ്സുചെയ്യുന്നില്ല. അതുകൊണ്ട് ഈ ഹൌസിന്റെ അനുവാദത്തോടുകൂടി ഞാൻ ഈ മോഷനെ പിൻവലിക്കുന്നു.

Motion was, with leave, withdrawn.

The Demand under Public Works put and carried.

20 Public Works — Cranganore — Rs. 17,652.

Mr. V. K. Aravindaksha Menon.—Sir, I rise to move for an allotment of Rs. 17,652 under 20 — Public Works — Cranganur.

Demand put and Carried.

The House rose for the day at 5-5 p. m.

A. R. MAHADEVA AYYAR,

Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly